
വാല്യം 11 ലക്കം 2 മാർച്ച് 2026

# ഇടയൻ

ബുളളറ്റിൻ





Chavara
Matrimony.com
Connecting Hearts
കെട്ട്
ഉറപ്പ്!
കെട്ടുറപ്പുള്ള
ബന്ധങ്ങൾക്ക്
ചാവറ മാട്രിമണിയിൽ
രജിസ്റ്റർ ചെയ്യൂ.
Scan QR Code to
Register Your Profile
Fr. Anil Philip CMI, Director
Johnson C. Abraham, Executive Director
Chavara Family Welfare Centre
സി.എം.ഐ വൈദികർ നേതൃത്വം നൽകുന്നു
H.O Chavara Cultural Centre, Kochi
99617 44444
0484 40 80 333
1800 103 4080
32 Branches in Kerala,
Bangalore, Chennai,
Mumbai, Delhi & USA
CHANGANACHERRY
Call us
9995 777 568



വാല്യം 11 | ലക്കം 2 | മാർച്ച് 2026

# ഇടയൻ

ഇടവക ബുള്ളറ്റിൻ

**മാനേജിംഗ് എഡിറ്റർ:**
**വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ**
9495268877

**ചീഫ് എഡിറ്റർ:**
**റവ. ഫാ. തോമസ് (ഡാരിൻ) തെങ്ങംപള്ളിൽ**
9400736231

**എക്സി. എഡിറ്റേഴ്സ്:**
**റവ. ഫാ. ജോസഫ് (ജോൺസൺ) മുണ്ടുവേലിൽ**
8078159646
**റവ. ഫാ. മാത്യു (ജസ്റ്റിൻ) പുത്തൻപുരയിൽ**
9961051342

**കൈക്കാരന്മാർ:**
ചാൾസ് മാത്യു പാലാത്ര
എബ്രഹാം കുര്യൻ ഒളശ്ശയിൽ
എ.ജെ. ജോസഫ് ആലഞ്ചേരി

**കമ്മറ്റിയംഗങ്ങൾ:**
വിന്നി ജോർജ്ജ് കല്ലൂക്കളം (കൺവീനർ)
സൈബി അക്കര
സി. മരിയ SABS
ജോമി കാവാലംപുതുപ്പറമ്പിൽ
ജിജി മുളയ്ക്കൽ
നവീൻ വെട്ടുവഴി
എബിൻ ആറുപറയിൽ
മാർട്ടിൻ പുല്ലുകാട്ടുപറമ്പിൽ
സജി ഇളംകുളം

**പാരിഷ് കൗൺസിൽ സെക്രട്ടറി:**
സോണി കരിമറ്റം

രൂപകല്പന, മുദ്രണം:
സെന്റ് ജോസഫ് ഓർഫനേജ് പ്രസ്
ചങ്ങനാശേരി +91 8547785270

## താളുകൾ മറിക്കുമ്പോൾ

| | |
|---|---|
| മുഖമൊഴി | 05 |
| വികാരിയച്ചന്റെ സന്ദേശം | 06 |
| ഫ്രാൻസിസ്കൻ വർഷം | 08 |
| സഭാവബോധവും സമുദായാവബോധവും | 10 |
| ഫാമിലി ഗൈഡ് - 1 | 14 |
| ദിനചിത്രങ്ങൾ | 17 |
| പീഡാനുഭവവാരം നോട്ടീസ് | 25 |
| വാർഷിക റിപ്പോർട്ട് | 28 |
| ഇടവക വാർത്തകൾ | 32 |
| ജലത്താലും ആത്മാവിനാലും | 35 |
| ദൈവം യോജിപ്പിച്ചത് | 35 |
| ഉത്ഥിതനോടൊപ്പം | 36 |

**ST MARY'S METROPOLITAN CHURCH**
Changanacherry - 686 101
Kerala State, India
Mob: 9074209029 (Office)
metropolitanchurchchry@gmail.com
www.metropolitanchurchchry.org

# സ്നേഹസ്മരണയ്ക്ക്

ഒന്നാം ചരമവാർഷികം



# ഷാജി സെബാസ്റ്റ്യൻ

## കുരിശിങ്കൽപറമ്പിൽ

ജനനം 13.5.1967 മരണം 5.3.2025

**KURISHUNKAL PLANTAIN MERCHANT**
**CHANGANACHERRY**

# കുരിശിന്റെ വഴിയേ

ഈശോമിശിഹായിൽ ഏറെ സ്നേഹമുള്ളവരേ,

നോമ്പുകാലത്തിന്റെ പുണ്യത്തിലൂടെ നാം കടന്നുപോവുകയാണല്ലോ. നോമ്പുകാലചൈതന്യം നമ്മിൽ ജ്വലിപ്പിക്കുന്ന ഒന്നാണല്ലോ കുരിശിന്റെ വഴി.

കുരിശിന്റെ വഴി, കർത്താവിന്റെ കാൽവരിയിലെ കുരിശിലേക്കുള്ള യാത്രയുടെ ഓർമ്മപ്പെടുത്തൽ മാത്രമല്ല, നമ്മുടെ വഴിയും അതുതന്നെ യാണെന്ന് ഓർമ്മിപ്പിക്കുന്നതുമാണ്. ജെറുസലേമിലെ സ്ത്രീകളോട് ഈശോ പറഞ്ഞ വാക്കുകൾ ഇവിടെ നാം ഗൗരവത്തോടെ ഓർക്കേണ്ടതുണ്ട്: "ജെറുസലേം പുത്രിമാരേ, നിങ്ങളെയും നിങ്ങളുടെ മക്കളെയും ഓർത്തു കരയുവിൻ." കേവലം സഹതാപപ്രകടനങ്ങൾക്കപ്പുറം, സ്വന്തം ജീവിത ത്തിലെ വീഴ്ചകളെയും സമൂഹത്തിലെ തിന്മകളെയും പ്രതി ദുഖിക്കാനാണ് ഈശോ ആഹ്വാനം ചെയ്തത്.

നമ്മുടെ ദൈനംദിന ജീവിതത്തിലെ കുരിശുകളെയും സഹനങ്ങളെയും എങ്ങനെ നേരിടുന്നു എന്നതാണ് യഥാർത്ഥ കുരിശിന്റെ വഴി. അപ്രതീക്ഷിത മായുണ്ടാകുന്ന രോഗങ്ങൾ, സാമ്പത്തിക തകർച്ചകൾ, നമുക്കെതിരെ ഉയരുന്ന തെറ്റായ ആരോപണങ്ങൾ, നാം അനുഭവിക്കുന്ന ഒറ്റപ്പെടലുകൾ... ഇവയിലെല്ലാം ക്രിസ്തുവിന്റെ കുരിശിനെ ദർശിക്കാൻ നമുക്ക് സാധിക്കു ന്നുണ്ടോ? സഹനങ്ങളെ പരാതികളില്ലാതെ ഏറ്റെടുക്കുമ്പോഴാണ് നാം യഥാർത്ഥത്തിൽ കുരിശിന്റെ വഴി പൂർത്തിയാക്കുന്നത്.

**കുരിശിനപ്പുറം ഒരു ഉത്ഥാനമുണ്ട്**

കുരിശിന്റെ വഴി കാൽവരിയിൽ അവസാനിക്കുന്നില്ല എന്നതുതന്നെയാണ് ക്രൈസ്തവന്റെ ഏറ്റവും വലിയ പ്രത്യാശ. ദുഃഖവെള്ളിയുടെ അന്ധകാരത്തിനപ്പുറം ഉത്ഥാനത്തിന്റെ പ്രകാശപൂരിതമായ പ്രഭാതമുണ്ട്. ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്നത് നമ്മുടെ സഹനങ്ങൾക്ക് പുതിയൊരു അർത്ഥം നൽകുന്നു. നമ്മുടെ ജീവിതത്തിലെ ഓരോ കുരിശുകളും മഹത്തായ പുനരുത്ഥാനത്തിലേക്കുള്ള ചവിട്ടുപടികളാണെന്ന് നാം തിരിച്ചറിയണം. അതിന് ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

**ഒരു വാക്ക് നന്ദി...**


നമ്മുടെ പാരിഷ് ബുള്ളറ്റിന്റെ ഉത്തരവാദിത്വം മനോഹരമായി നിർവഹിച്ച സിറിൽ അച്ചനും കൺവീനറായി പ്രവർത്തിച്ച ശ്രീ. വിന്നി കല്ലൂക്കളത്തിനും കമ്മിറ്റിയംഗങ്ങൾക്കും ഇടവക കുടുംബത്തിന്റെ നന്ദി.

സ്നേഹപൂർവ്വം,
**ഡാരിനച്ചൻ**



# Vicar's Message





## വികാരിയച്ചന്റെ സന്ദേശം

ഈശോയിൽ സ്നേഹമുള്ളവരെ,

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽനിന്നും ആശംസകളും പ്രാർത്ഥനയും നേരുന്നു. മകരം തിരുനാളിനൊരുക്കമായി അണിയിച്ചൊരുക്കിയ ഇടയൻ ഭംഗിയായിരുന്നു. പിന്നിൽ പ്രവർത്തിച്ചവർക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

ഈശോയുടെ പിറവിത്തിരുനാൾ, മനുഷ്യാവതാര സന്ദേശയാത്ര, വചനജ്യോതി പേടകപ്രയാണം, പ്രത്യാശാ സായാഹ്ന കൺവൻഷൻ, ഈശോയുടെ മനുഷ്യാവതാര ജൂബിലി ആഘോഷത്തിന്റെ സമാപനം, കുടുംബ കൂട്ടായ്മാ വാർഡ് കൺവൻഷൻ എന്നിവ ഭംഗിയായി നടത്തുവാൻ സാധിച്ചതിൽ ദൈവത്തിന് നന്ദി പറയാം.

ജനുവരി 15 മുതൽ ഫെബ്രുവരി 1 ഞായർ വരെ മകരം തിരുനാളിന്റെ കാലഘട്ടമായിരുന്നു. കൊടിയേറ്റ്, വിശുദ്ധന്റെ തിരുസ്വരൂപം പരസ്യവണക്കത്തിന് പ്രതിഷ്ഠിക്കൽ, ഇടവകദിനാചരണം, വിവിധ കലാപരിപാടികളുടെ ആവിഷ്കാരം, സകല മരിച്ചവരുടെയും ഓർമ്മ ആചരിക്കൽ, കവലയിലേയ്ക്കുള്ള പ്രദക്ഷിണം, പട്ടണപ്രദക്ഷിണം, ഭവനങ്ങളിലേയ്ക്കുള്ള കഴുന്ന് എഴുന്നള്ളിക്കൽ, കൊടിയിറക്ക് തിരുനാൾ, അൾത്താരയിൽ വിശുദ്ധന്റെ തിരുസ്വരൂപം പുന:പ്രതിഷ്ഠയോടെ തിരുനാളിന് സമാപനം കുറിച്ചു.

ആത്മീയ ഉണർവും സന്തോഷവും കൂട്ടായ്മയും, ഐക്യവും പങ്കുവയ്ക്കലും ശക്തിപ്പെടുത്തിയ തിരുനാൾ ദിനങ്ങളിൽ നേതൃത്വം നൽകിയ വൈദികർ, കൈക്കാരന്മാർ, പ്രതിനിധിയോഗാംഗങ്ങൾ, കൂട്ടായ്മാ ലീഡേഴ്സ്, സംഘടനാ ഭാരവാഹികൾ, അംഗങ്ങൾ, ഗായകസംഘാംഗങ്ങൾ, അൾത്താര ബാലന്മാർ, പള്ളി ജീവനക്കാർ, സിസ്റ്റേഴ്സ്, സൺഡേസ്കൂൾ അദ്ധ്യാപകർ, വിവിധ പ്രസ്ഥാനങ്ങളുടെ ഭാരവാഹികൾ, അംഗങ്ങൾ, ഇടവകയിലെ ഓരോ കുടുംബത്തിലേയും മാതാപിതാക്കൾ, യുവജനങ്ങൾ, കുട്ടികൾ തുടങ്ങി എല്ലാവർക്കും നന്ദി നേരുന്നു.

കഴിഞ്ഞ ഒന്നേമുക്കാൽ വർഷക്കാലം നമ്മുടെ ഇടവകയിൽ സേവനം ചെയ്ത നിഖിലച്ചനും, ഓരോ വർഷക്കാലം സേവനം ചെയ്ത ഷെറിനച്ചനും, സിറിലച്ചനും നന്ദി. പ്രിയപ്പെട്ട വൈദികരുടെ പുതിയ സേവനമണ്ഡലത്തിൽ എല്ലാവിധ ആശംസകളും പ്രാർത്ഥനയും നേരുന്നു.

ഇടവകയിലേയ്ക്കു ശുശ്രൂഷയ്ക്കായി എത്തിയ ബഹുമാനപ്പെട്ട ഫിലിപ്പ് വൈയ്ക്കത്തുകാരൻവീട്ടിലച്ചനും, ജോൺസൺ മുണ്ടുവേലിലച്ചനും, ജസ്റ്റിൻ പുത്തൻപുരയിലച്ചനും, ഡാരിൻ തെങ്ങുംപള്ളിയിലച്ചനും ഇടവകസമൂഹത്തിലേക്കു ഹൃദ്യമായ സ്വാഗതം. അവരുടെ നിശ്ചയിച്ചിരിക്കുന്ന സേവന മണ്ഡലങ്ങളിൽ എല്ലാ വിജയങ്ങളും പ്രാർത്ഥനയും നേരുന്നു.

2023 -2026 വർഷത്തേക്കു തിരഞ്ഞെടുത്ത പ്രതിനിധിയോഗത്തിന്റെ കാലാവധി പൂർത്തിയായിരിക്കുകയാണ്. ഇടവകയ്ക്ക് ശക്തമായ നേതൃത്വം

നൽകിയ എല്ലാ കൈക്കാരന്മാരേയും, കൗൺസിൽ സെക്രട്ടറിയേയും, സഹായിച്ച ഓഡിറ്റേഴ്സിനെയും പ്രതിനിധിയോഗാംഗങ്ങളെയും നന്ദിയോടെ സ്മരിക്കുന്നു.

> നോമ്പും, ഉപവാസവും പ്രാർത്ഥനയും ദാനധർമ്മവും ആത്മാവിനുള്ള മരുന്നാണ്.

മാർച്ച് മാസത്തിൽ കൂട്ടായ്മാ ലീഡേഴ്സിന്റെയും കാലാവധി പൂർത്തിയാകുകയാണ്. ഇടവകയ്ക്ക് ശക്തമായ ഉണർവ്വ് നൽകിക്കൊണ്ടിരിക്കുന്ന കൂട്ടായ്മാ ലീഡേഴ്സിനും ജനറൽ കൺവീനറിനും നന്ദിയും പ്രാർത്ഥനാശംസകളും. 2026 -2029 ലേയ്ക്കുള്ള പുതിയ പ്രതിനിധിയോഗാംഗങ്ങൾക്കും, കൂട്ടായ്മാ ലീഡേഴ്സിനും പ്രത്യേക അഭിനന്ദനങ്ങളും പ്രാർത്ഥനയും.

കുട്ടികളുടെ പരീക്ഷയുടെ അവസരമാണല്ലോ. പൊതുപരീക്ഷ എഴുതിക്കൊണ്ടിരിക്കുന്ന എല്ലാ കുട്ടികൾക്കും ദൈവാനുഗ്രഹം ആശംസിക്കുന്നു.

മാർച്ച് 19-ാം തീയതി വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ നാം ആചരിക്കുന്നു. തിരുക്കുടുംബത്തിന്റെ സംരക്ഷകനും കാവൽക്കാരനുമായ വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥം നമുക്ക് തേടാം. വി. യൗസേപ്പിതാവിന്റെ തിരുനാൾ മംഗളങ്ങൾ ഏവർക്കും നേരുന്നു.

''ഇടയൻ'' പാരീഷ് ബുള്ളറ്റിൻ നോമ്പുകാലഘട്ടത്തിന്റെയും ഉയിർപ്പു തിരുനാളിന്റെയും വാർത്തകളും വിശേഷങ്ങളുമായി ഇറങ്ങുകയാണ്. ഇടയന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന എല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും.

വലിയ നോമ്പിലൂടെ നാം കടന്നു പോകുകയാണല്ലോ. നോമ്പുകാലം ആത്മീയ ഒരുക്കത്തിന്റെ കാലഘട്ടമാണല്ലോ. നോമ്പും, ഉപവാസവും പ്രാർത്ഥനയും ദാനധർമ്മവും ആത്മാവിനുള്ള മരുന്നാണ്. മിശിഹാരഹസ്യങ്ങളെ ഉൾക്കൊള്ളുവാൻ തക്കവിധം ആത്മാവിനെയും ശരീരത്തെയും പ്രാപ്തമാക്കുന്ന മരുന്ന്. ശരീരം പാപം ചെയ്യുമ്പോൾ ആത്മാവിന് മുറിവേൽക്കുന്നു. ഈ ആത്മീയ മുറിവുകളെ സുഖപ്പെടുത്തി ശരീരത്തെ സജ്ജമാക്കുകയാണ് നോമ്പുകാലത്ത് ഉപവാസവും, പ്രാർത്ഥനയും ദാനധർമ്മവും. അങ്ങനെ മിശിഹായുടെ പെസഹാ രഹസ്യങ്ങൾ ഹൃദയത്തിൽ ഏറ്റു വാങ്ങുവാൻ ഉതകുംവിധം വലിയനോമ്പ് നമുക്ക് ആചരിക്കാം. മത്സ്യ-മാംസാദികൾ നമുക്ക് ഉപേക്ഷിക്കാം. പരിശുദ്ധ കുർബാനയിൽ ഭക്തിപൂർവ്വം പങ്കെടുക്കാം. അനുതപിച്ച് പാപങ്ങൾ ഏറ്റുപറഞ്ഞ് വിശുദ്ധി നിറഞ്ഞ ജീവിതം പ്രാപിക്കാം. ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും വളരാം. നോമ്പുകാലത്ത് ഒരുക്കുന്ന ധ്യാനത്തിലും നാല്പതുമണി ആരാധനയിലും വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങളിലും നമുക്ക് ഭക്തിപൂർവ്വം പങ്കെടുക്കാം.

വിശ്വാസപരിശീലനത്തിന്റെ ഭാഗമായ വിശ്വാസോത്സവം ഏപ്രിൽ 6 മുതൽ ആരംഭിക്കുന്നു. എല്ലാ കുട്ടികളും വിശ്വാസോത്സവത്തിൽ പങ്കെടുക്കണം. മാതാപിതാക്കൾ താത്പര്യത്തോടെ കുട്ടികളെ ഒരുക്കണം. ആഘോഷപൂർവ്വം പരി. കുർബാന സ്വീകരിക്കാൻ ഒരുങ്ങുന്ന കുട്ടികളെ നിഷ്ഠയോടെ ക്ലാസിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണം.

എല്ലാവർക്കും പ്രത്യാശയുടെ തിരുനാളായ ഉയിർപ്പു തിരുനാളിന്റെ മംഗളങ്ങൾ ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു. ഉത്ഥിതനായ ഈശോ നമ്മുടെ എല്ലാ കുടുംബങ്ങളെയും അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനാപൂർവ്വം,

**വാണിയപ്പുരയ്ക്കലച്ചൻ**
(വികാരി)






# അന്ധകാരത്തിൽ വെളിച്ചമായി ഒരു ഫ്രാൻസിസ്കൻ വർഷം



**ഫാ. മാത്യു മുളങ്ങാശ്ശേരി**
ഗാർഡിയൻ, ഗത്സെമനി ആശ്രമം, വാഴപ്പള്ളി

**വിശുദ്ധ** ഫ്രാൻസിസ് അസ്സീസിയുടെ സ്വർഗപ്രവേശനത്തിന്റെ 800-ാം വർഷമായ 2026 ഫ്രാൻസിസ്കൻ വർഷമായി ലിയോ പതിനാലാമൻ മാർപാപ്പ പ്രഖ്യാപിച്ചിരിക്കുന്നു. 2027 ജനുവരി 10-ാം തീയതി ഫ്രാൻസിസ്കൻ വർഷം അവസാനിക്കുന്നു. എന്നാൽ ഒരിക്കലും അവസാനിക്കാത്ത സമാധാനവും ക്രൂശിതനിൽ ആ പുണ്യാത്മാവ് കണ്ടെത്തിയ ശാന്തിയും സൃഷ്ടപ്രപഞ്ചത്തോടുള്ള സർവാത്മനാ സ്നേഹവും അഭംഗുരം തുടർന്നുകൊണ്ടിരിക്കുന്നു.

നിരന്തരം ദൈവത്തോട് സംവദിച്ച വിശുദ്ധ ഫ്രാൻസിസ് തന്റെ സഹോദരങ്ങൾക്ക് എന്നും അത്ഭുതമായിരുന്നു. അതിതീവ്രമായ പ്രാർത്ഥനാനുഭവത്തിൽ ഭൂമിയുടെ ആകർഷണത്തിൽ നിന്നകന്ന് സ്വയമേയും ചുറ്റുവട്ടങ്ങളെയും മറന്ന്, സൃഷ്ടാവിൽ ലയിക്കുന്ന ഫ്രാൻസിസിനെ സഹോദരൻ ലിയോ വിസ്മയത്തോടെ

നോക്കിനിന്നു പോയി. കഴിക്കാൻ പോകുന്ന അന്നന്നത്തെ അപ്പത്തിൽ ചാരം വിതറിക്കൊണ്ട് രുചികളെ അരുചികളാക്കി മാറ്റിയ ഫ്രാൻസിസ് ഇഷ്ടങ്ങളിൽ നിന്നും മോഹങ്ങളിൽ നിന്നും സുഖതൃഷ്ണയിൽനിന്നും ഒരു ഉയർപ്പ് സാധ്യമാണെന്ന് ജീവിതം വഴി സാക്ഷ്യപ്പെടുത്തി.

കിളികളോടും പൂക്കളോടും സംഭാഷിച്ച് അദ്ദേഹം നിഷ്കളങ്കനായ കിളിമകളുടെ പുണ്യവാളനായി. മഞ്ഞുപൊഴിയുന്ന തീവ്ര തണുപ്പിൽ അന്നം മോഷ്ടിക്കാൻ ആശ്രമ ആവൃതിക്കുള്ളിൽ വന്ന കള്ളനെ സഹോദരന്മാർ ആട്ടിയോടിച്ചപ്പോൾ സഹോദരൻ കള്ളാ എന്ന് വിളിച്ച് തേടി നടന്നതും കണ്ടപ്പോൾ കാലിൽ വീണ് മാപ്പ് പറഞ്ഞതും, റൊട്ടി നൽകിയതും സഹോദരന്മാരെ കരയിപ്പിക്കുകയും എല്ലാവരെയും സഹോദരീ-സഹോദരന്മാരായി കാണാൻ പഠിപ്പിക്കുകയും ചെയ്തു.

പശ്ചിമേഷ്യയിൽ യുദ്ധം കൊടുമ്പിരികൊണ്ടിരിക്കുന്ന ഈ വേളയിൽ നാം ഓർക്കണം. ഒരിക്കൽ ഈജിപ്തിലേക്ക് യാത്ര ചെയ്ത് ദമിയേറ്റ (Damietta) എന്ന നഗരത്തിൽ ചെന്ന് സുൽത്താൻ മാലിക്-അൽ-കമലിനെ കണ്ട് സമാധാനത്തിനുവേണ്ടി സംസാരിക്കുന്ന ഫ്രാൻസിസ്, സുൽത്താനെ പോലും അത്ഭുതപ്പെടുത്തി. ഉള്ളിൽ സമാധാനം കണ്ടെത്തിയ മനുഷ്യൻ സഹജീവികൾക്കും സമാധാനത്തോടെ ജീവിക്കാൻ അവസരം ഒരുക്കും. അതായിരുന്നു വിശുദ്ധ ഫ്രാൻസിസ്. ഭൂമിയെ ഒരു പൊതുഭവനമായി കണ്ട് ആദരവോടെ നോക്കുവാൻ പരാജയപ്പെടുന്ന ഈ കാലത്ത് സൃഷ്ടികളിൽ ഓരോന്നിലും ദൈവിക സൗന്ദര്യം ദർശിച്ച്, സൂര്യനെ സഹോദരൻ എന്നും ഭൂമിയെ സഹോദരി എന്നും അഭിസംബോധന ചെയ്ത വിശുദ്ധ ഫ്രാൻസിസ് ഭൂമിയിലെങ്ങും ഈ സമാധാനം സംജാതമാക്കണമെന്ന് നമ്മെ ഓർമിപ്പിക്കുന്നു.

2024 സെപ്റ്റംബറിൽ നമ്മൾ, ലവേർണാമലയിൽ പ്രാർത്ഥനാനിമഗ്നനായിരുന്ന വിശുദ്ധ ഫ്രാൻസിസിന് ക്രിസ്തുവിന്റെ അഞ്ചു തിരുമുറിപ്പാടുകൾ ശരീരത്തിൽ ഏറ്റതിന്റെ 800-ാം വാർഷികം ആചരിച്ചു. 2025 ൽ, ഇറ്റാലിയൻ ഭാഷയിൽ വിരചിതമായ ആദ്യ കവിതകളിൽ ഒന്നായി കരുതപ്പെടുന്ന "സൃഷ്ടികീർത്തനം" വിശുദ്ധ ഫ്രാൻസിസ് സൻഡമിയാനോയിൽ രോഗവേദനകളോട് ശാസിച്ചും, സ്നേഹിച്ചും കഴിഞ്ഞു പോന്നപ്പോൾ എഴുതപ്പെട്ടതിന്റെ 800-ാം വാർഷികവും നമ്മൾ ആചരിച്ചു. ഇപ്പോൾ ഇതാ അദ്ദേഹത്തിന്റെ സ്വർഗ്ഗപ്രാപ്തിയുടെ 800 വർഷം തികയുമ്പോൾ അസീസിയിലെ വിശ്വഗായകൻ നമ്മുടെ മുൻപിൽ ഒരു സ്നേഹപ്രഭയായി കത്തിനിൽക്കുന്നു.

നമ്മെ ഏവരെയും വിദ്വേഷമുള്ളിടത്ത് സ്നേഹവും ദ്രോഹമുള്ളിടത്ത് ക്ഷമയും നിരാശയുള്ളിടത്ത് പ്രത്യാശയും ഇരുൾ പരക്കുന്നിടത്ത് വെളിച്ചവും നല്കി മലമുകളിൽ ഉയർത്തപ്പെട്ട ദീപമാകാൻ ക്ഷണിക്കുന്നു. നിന്റെ ഉള്ളിലേക്കും എന്റെ ഉള്ളിലേക്കും ഫ്രാൻസിസ് ഇനിയും മറ്റൊരു ക്രിസ്തുവായി രൂപാന്തരം പ്രാപിക്കട്ടെ എന്ന ആശംസയോടെ, വി. ഫ്രാൻസിസ് അസ്സീസിയുടെ ആശീർവാദത്തോടെ അവസാനിപ്പിക്കട്ടെ.

*"ദിവ്യനാഥൻ നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ. ദിവ്യനാഥൻ അവിടുത്തെ മുഖം നിങ്ങൾക്ക് കാണിച്ചുതരുകയും കൃപാലുവായിരിക്കുകയും ചെയ്യുമാറാകട്ടെ. അവിടുന്ന് തന്റെ മുഖം നിങ്ങളുടെ നേരെ തിരിയ്ക്കുകയും നിങ്ങൾക്ക് സമാധാനം നല്കുകയും ചെയ്യുമാറാകട്ടെ. നാഥൻ നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ, ആമേൻ."*



# സഭാവബോധവും സമുദായാവബോധവും

**ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ**

ഗുരുവും നാഥനുമായ ഈശോ കാണിച്ചു തരുന്ന വഴി പ്രത്യാശയുടേതാണ്. ഈശോയിൽ നിന്നും സഹനങ്ങളെ അതിജീവിക്കാനുള്ള ശക്തി നാം ആർജ്ജിക്കണം. സഭയെയും സമുദായത്തെയും സ്നേഹിക്കുന്നവരാകണം. സഭയുടെയും സമുദായത്തിന്റെയും വളർച്ചയ്ക്കുവേണ്ടി അദ്ധ്വാനിക്കണം. നാം വളരുകയും മറ്റുള്ളവരെ വളർത്തുകയും വേണം.

സീറോ മലബാർ സഭാസിനഡ് 2026 സമുദായ ശക്തീകരണവർഷമായി ആചരിക്കുന്നു.

"സഭ ക്രിസ്തുവിൽ പണിയപ്പെട്ടിരിക്കുന്ന ഭവനം" (എഫേസൂസ് 2:20). സഭയെ നിരന്തരം നയിക്കുന്നത് പരിശുദ്ധാത്മാവാണ്. ദൈവം കൂടെ വസിക്കുന്ന സമൂഹം. സഭ ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ കുടുംബമാണ്.

മാമ്മോദീസായിലൂടെയാണ് സഭയാകുന്ന കുടുംബത്തിലെ അംഗങ്ങളായിരിക്കുന്നത്. സഭ എന്ന വാക്കിന്റെ അർത്ഥം വിളിക്കപ്പെട്ടവരുടെ സമൂഹം. സഭ സാമൂഹികസംവിധാനമല്ല പ്രസ്ഥാനവുമല്ല.

### ദൈവദത്തമായ സംവിധാനമാണ് സഭ

ദൈവം ജന്മംകൊടുത്ത വിശുദ്ധ കൂട്ടായ്മയാണ് സഭ. സഭയിൽ ആയിരിക്കുക എന്നു വച്ചാൽ ദൈവിക പദ്ധതിയനുസരിച്ച് ദൈവജനമായിരിക്കുകയെന്നതാണ്. സഭ എന്റെ അമ്മയാണ്. നാം സഭയെ സ്നേഹിക്കുന്നത് ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ ഭാഗമായിരിക്കണം. സഭയെ നാം വളർത്തണം. പരിപോഷിപ്പിക്കണം. ഈശോ സ്ഥാപിച്ച വി. കൂദാശകൾവഴി സഭാമക്കൾ രൂപപ്പെടണം. സഭ എന്റെ ഭവനമെന്ന കാഴ്ചപ്പാട് നമുക്കുണ്ടാകണം.

നാം ഓരോരുത്തരും അംഗമായിരിക്കുന്ന സഭയെ സ്നേഹിക്കണം. പ്രതിസന്ധികളിൽ കൂട്ടുനിൽക്കണം. സഭയുടെ ധാർമ്മികവും സാന്മാർഗ്ഗികവും വിശ്വാസപരവുമായ മൂല്യങ്ങളുടെ കാവൽക്കാരാകണം. നാം ആരെയും വഴിതെറ്റിക്കരുത്. എല്ലാവർക്കും ശരിയായ വഴി കാണിച്ചുകൊടുക്കുന്നവരാകണം. നന്മയുടെ അവതാരങ്ങളാകണം. സഭയോടൊപ്പം സഭയ്ക്കുവേണ്ടി ചിന്തിക്കണം.

ജീവിതദർശനത്തിലും ദൗത്യബോധത്തിലും വേർപിരിക്കാനാവാത്ത പ്രവാചകദൗത്യം ഹൃദയത്തിൽ സൂക്ഷിക്കുന്നവരാകണം സഭാമക്കൾ. ജീവിക്കുന്നവനായ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ പ്രഘോഷകരാകണം. സുവിശേഷം ജീവിക്കുന്നവരും കൊടുക്കുന്നവരുമാകണം.

**ഈശോയെ ഹൃദയത്തിൽ സൂക്ഷിക്കണം**

ഈശോ ചെയ്ത സ്നേഹത്തിന്റെ പ്രവർത്തികൾ ചെയ്യാൻ തയ്യാറാകണം. ആരേയും ദ്രോഹിക്കരുത് ആരേയും വഞ്ചിക്കരുത്. ഞാൻ വിശ്വസിക്കുന്ന എന്റെ സഭയിൽ ഞാൻ അംഗമായിരിക്കുന്ന എന്റെ സമുദായത്തിൽ അഭിമാനംകൊള്ളണം. സഭയിലെയും സമുദായത്തിലെയും നന്മകൾ എന്റെ നന്മയും കൂടിയാണ്. സമുദായത്തെ, സഭയെ ഒരു കുടുംബമായി കരുതി നന്മയ്ക്കായി പ്രവർത്തിക്കുക, പരസ്പര സ്നേഹവും സാഹോദര്യവും വളർത്തുക. കൂട്ടായ്മ തകരാതെ സൂക്ഷിക്കുക. എല്ലാ കാര്യങ്ങളിലും ജാഗ്രത പുലർത്തണം. സ്വാർത്ഥതയല്ല വേണ്ടത്. എളിമയും അനുസരണവും ത്യാഗമനോഭാവവും സമർപ്പണവും ദൈവാശ്രയ ബോധവുമാണ് സഭയും സമുദായവും വളരുവാൻ ഏറെ ആവശ്യം.

അധികാരികളെ അനുസരിക്കണം, ആദരിക്കണം, അവരെ കേൾക്കണം. അച്ചടക്കരാഹിത്യം സംഭവിക്കുമ്പോൾ സഭ തകരും, സമുദായം തകരും. വളർച്ച ഉണ്ടാകുകയില്ല. സഭയുടെ സമുദായത്തിന്റെ വളർച്ചയ്ക്ക് വ്യക്തികളുടെ ഹൃദയ ഐക്യം വളരെ പ്രധാനപ്പെട്ടതാണ്.

നാം വളരുകയും മറ്റുള്ളവരെ വളർത്തുകയും വേണം. കുറവുകളും പോരായ്മകളും കണ്ടെത്തണം. തിരുത്തേണ്ടത് തിരുത്തണം. വളർത്തേണ്ടത് വളർത്തണം. പ്രോത്സാഹിപ്പിക്കേണ്ടത് പ്രോത്സാഹിപ്പിക്കണം. കരുണയും ആർദ്രതയും പ്രകടിപ്പിക്കേണ്ടവരോട് പ്രകടിപ്പിക്കണം. വാത്സല്യവും സ്നേഹവും കരുതലും പങ്കുവയ്ക്കുന്നവരാകണം. ആരെയും വേദനിപ്പിക്കരുത്. അപരനെ ഇല്ലാതാക്കിക്കൊണ്ട് നമ്മൾ വളരരുത്.

എല്ലാ മതവിഭാഗങ്ങളെയും ആദരിക്കണം. സ്നേഹിക്കണം. ഉൾക്കൊള്ളാനും സാധിക്കണം. ചുരുങ്ങിയ ഹൃദയമല്ല വിശാലഹൃദയം നമുക്കുവേണം. നമ്മുടെ ഓരോരുത്തരുടെയും ഹൃദയത്തിന്റെ വിശാലതയാണ് സഭയുടെ സമുദായത്തിന്റെ വളർച്ചയ്ക്കും ഏറെ ആവശ്യം.

കർക്കശമായ നിലപാടും വ്യക്തമായ കാഴ്ചപ്പാടും ദർശനവും നമ്മുടെ സഭയെക്കുറിച്ചും സമുദായത്തെക്കുറിച്ചും നമുക്കുണ്ടാകണം. വിശ്വാസ സംബന്ധമായ കാര്യങ്ങളിലും ധാർമ്മികപരമായ കാര്യങ്ങളിലും ആർക്കും തല കുനിച്ചുകൊടുക്കരുത്. നമ്മുടെ കാൽക്കീഴിലെ മണ്ണ് ഒലിച്ചുപോകാതിരിക്കാൻ നിതാന്ത ജാഗ്രത നാം പുലർത്തണം.

വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും പിന്നോക്കം നിൽക്കുന്ന സഹോദരങ്ങളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി വിവിധങ്ങളായ



സമുദായത്തെ, സഭയെ ഒരു കുടുംബമായി കരുതി നന്മയ്ക്കായി പ്രവർത്തിക്കുക, പരസ്പര സ്നേഹവും സാഹോദര്യവും വളർത്തുക. കൂട്ടായ്മ തകരാതെ സൂക്ഷിക്കുക. എല്ലാ കാര്യങ്ങളിലും ജാഗ്രത പുലർത്തണം. സ്വാർത്ഥതയല്ല വേണ്ടത്. എളിമയും അനുസരണവും ത്യാഗമനോഭാവവും സമർപ്പണവും ദൈവാശ്രയ ബോധവുമാണ് സഭയും സമുദായവും വളരുവാൻ ഏറെ ആവശ്യം.

കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുകയും എല്ലാവരും അതിന് സഹകരിക്കുകയും പ്രോത്സാഹിപ്പിക്കുകയുംവേണം. നമുക്കൊരു അഭിഷേകമുണ്ട്. നമുക്കൊരു നിയോഗമുണ്ട്. അതു മറന്നുപോകരുത്.

ആത്മധൈര്യവും മനക്കരുത്തും ചങ്കൂറ്റവും നമുക്കാവശ്യമാണ്. നമ്മുടെ ഓരോരുത്തരുടെയും വ്യത്യസ്ഥങ്ങളായ കഴിവുകൾ ഫലപ്രദമായി ഉപയോഗിക്കണം. സാഹിത്യ, സാംസ്കാരിക, സാമുദായിക, രാഷ്ട്രീയരംഗങ്ങളിൽ നാം നിറഞ്ഞുനിൽക്കണം. പിന്നാമ്പുറങ്ങളിലേക്കു പോകരുത്. നമുക്കുവേണ്ടി ശബ്ദിക്കാൻ നാം മാത്രമേ ഉള്ളു. സഭയ്ക്കും സമുദായത്തിനും എതിരായിവരുന്ന ആക്ഷേപങ്ങൾക്ക് നിജസ്ഥിതി മനസ്സിലാക്കി മറുപടി നൽകാൻ നമ്മുടെ തൂലിക ചലിക്കണം. നാവ് ഉയരണം. സമുദായത്തിന്റെയും സഭയുടെയും ഉയർച്ചയും വളർച്ചയും നാം സ്വപ്നം കാണേണ്ടതാണ്.

എതിർപ്പുകൾ നമ്മെ തകർക്കരുത്, തളർത്തരുത്, നിരാശ കീഴടക്കരുത്. ആവേശം നമുക്കു വേണം. പ്രവർത്തന മണ്ഡലങ്ങളിൽ കത്തി ജ്വലിക്കണം. ഒരു ജ്വാലയായി മാറണം. ഗുരുവും നാഥനുമായ ഈശോ കാണിച്ചുതരുന്ന വഴി പ്രത്യാശയുടേതാണ്. ഈശോയിൽ നിന്നും സഹനങ്ങളെ അതിജീവിക്കാനുള്ള ശക്തി നാം ആർജ്ജിക്കണം. സഭയെയും സമുദായത്തെയും സ്നേഹിക്കുന്നവരാകണം. സഭയുടെയും സമുദായത്തിന്റെയും വളർച്ചയ്ക്കുവേണ്ടി അദ്ധ്വാനിക്കണം.

സഭയെയും സമുദായത്തെയും തള്ളിപ്പറയരുത്. എല്ലാവരെയും സഹോദരീസഹോദരന്മാരായി കരുതണം. മരണംവരെ സഭയുടെയും സമുദായത്തിന്റെയും ഭാഗമായി നിലകൊള്ളണം. ഒരിക്കലും സഭയെയോ സമുദായത്തെയോ ഉപേ

ക്ഷിക്കരുത്. ഞാൻ വിശ്വസിക്കുന്ന എന്റെ സഭയുടെയും ഞാൻ അംഗമായിരിക്കുന്ന എന്റെ സമുദായത്തിന്റെയും നിലപാടാണ് എന്റെ നിലപാട്. ഇതായിരിക്കണം നാം സ്വീകരിക്കേണ്ടത്.

എല്ലാ മനുഷ്യരും ജീവിക്കുവാൻ അർഹതയുള്ളവരാണ്. ദൈവത്തിന്റെ മക്കളാണ്. ഇതു പ്രവർത്തിമൂലം കാണിക്കത്തക്കവിധത്തിൽ ഒരു പരിവർത്തനമാണ് ആവശ്യം. നാം ജീവിക്കുന്ന കാലഘട്ടത്തിലെ പ്രശ്നങ്ങൾ മനസ്സിലാക്കണം, നേരിടാൻ കഴിയണം. തൊഴിലില്ലായ്മ (വിദ്യാഭ്യാസത്തിനനുസൃതമായി), കാർഷിക മേഖലയിലെ പ്രശ്നങ്ങൾ, വന്യമൃഗാക്രമണം, വിദ്യാഭ്യാസമേഖലയിലെ അസ്വസ്ഥത, മതന്യൂനപക്ഷം നേരിടുന്ന അവകാശപ്രശ്നങ്ങൾ (ദളിദർ നേരിടുന്ന പ്രശ്നങ്ങൾ, മതസ്വാതന്ത്ര്യം ഇല്ലായ്മ, യാത്രാസ്വാതന്ത്ര്യം നിഷേധിക്കാൻ സമൂഹവിചാരണ ഭരണഘടന നൽകുന്ന (Act 25) അടിസ്ഥാന സ്വാതന്ത്ര്യങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങൾ, ഒരു ക്രൈസ്തവ വിശ്വാസി എന്ന പേരിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നേരിടുന്ന വെല്ലുവിളികൾ) വിദേശത്തേക്കുള്ള ശക്തമായ കുടിയേറ്റം, കാലാവസ്ഥ വ്യതിയാനം വരുത്തുന്ന പ്രതിസന്ധികൾ, അവസരോചിതമായ കോഴ്സുകൾ പഠിക്കാൻ യുവജനങ്ങൾക്ക് ഗവൺമെന്റ് വേണ്ടത്ര പ്രോത്സാഹനം നൽകുന്നില്ല.

**എല്ലാവിധത്തിലുള്ള ഉച്ചനീചത്വങ്ങൾ നീക്കികളയണം**

യുവതലമുറയുടെ കഴിവുകളെ അംഗീകരിക്കണം. അവരെ നല്ലവഴിക്ക് തിരിച്ചുവിടണം. തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കണം, പ്രോത്സാഹിപ്പിക്കണം. ശരിയായ ദിശാബോധം നൽകണം. യുവജനങ്ങൾ പ്രവർത്തിക്കുന്ന മേഖലകളിലെ കഴിവുകൾ തിരിച്ചറിയണം. അവർക്കായി അവസരങ്ങൾ ഒരുക്കണം.

**സത്യത്തിന്റെ മുമ്പിൽ മുഖംനോട്ടമില്ലാത്ത പ്രവർത്തനമാണ് നമുക്കാവശ്യം.**

വിമർശനങ്ങൾ നല്ലതാണ്. അവ നന്മയിലേക്ക് നയിക്കുന്നതായിരിക്കണം. പരദൂഷണം ഒഴിവാക്കണം. അന്യരെ ഇകഴ്ത്തുക, സൗഹൃദങ്ങൾ നശിപ്പിക്കുക, അധികാരം വെട്ടിപ്പിടിക്കുക, കലഹം ഉണ്ടാക്കുക ഇവ സമൂഹത്തിന്റെ നന്മ നിറഞ്ഞ പ്രവർത്തനങ്ങളെ ബാധിക്കും.

ഇവയിൽനിന്നെല്ലാം ഒഴിഞ്ഞുമാറുകയാണ് സഭാസ്നേഹികളായ സമുദായസ്നേഹികളായ മക്കൾ ചെയ്യേണ്ടത്. നാം ആത്മബോധം നേടിയെടുക്കണം. വളരണം വളർത്തണം, ഉയരണം ഉയർത്തണം.

നല്ല സഭാ സ്നേഹികളാകാം<br>
നല്ല സമുദായ സ്നേഹികളാകാം<br>
നല്ല സമറായനാകാം.

ഓരോ സമുദായ അംഗങ്ങളുടെയും ഹൃദയത്തിൽ അഗ്നി ജ്വലിക്കണം. കാലുകൾക്കു ചിറകുവേണം. രാഷ്ട്രീയ സംവിധാനങ്ങളുടെ പിന്നാലെ നാം പോകേണ്ടവരല്ല. പിന്നെയോ നമ്മുടെ ശക്തി തിരിച്ചറിഞ്ഞ് രാഷ്ട്രീയ സംവിധാനങ്ങൾ നമ്മുടെ പിന്നാലെ വരണം. അതനുസരിച്ച് നാം വളരണം. ശക്തിപ്പെടണം. ഉറങ്ങിക്കഴിയാൻ പാടില്ല. മാറ്റത്തിന്റെ ചലനങ്ങൾ നമ്മിളിലൂടെ സമൂഹത്തിൽ സൃഷ്ടിക്കപ്പെടണം. വിവിധ ക്രൈസ്തവ സഭാസമൂഹമായി പ്രവർത്തിക്കേണ്ട മേഖലകളിൽ ഒന്നിച്ച് പ്രവർത്തിക്കാൻ സാധിക്കണം. മതസൗഹാർദ്ദം പ്രവർത്തനമണ്ഡലങ്ങളിൽ രൂപപ്പെടണം.

01 ഫാമിലി ഗൈഡ്

തയ്യാറാക്കിയത്
ഫാ. തോമസ് തെങ്ങുംപള്ളിൽ



# സ്ക്രീൻ തടവറയിലെ അവധിക്കാലം

> നിങ്ങൾ ഒരു സേവനത്തിന് പണം നൽകുന്നില്ലെങ്കിൽ, അവിടെ നിങ്ങളാണ് വിൽക്കപ്പെടുന്ന ഉൽപ്പന്നം.

**നമ്മുടെ** വീടുകളിൽ ഇന്ന് നിശബ്ദമായ ഒരു കടന്നുകയറ്റം നടന്നിരിക്കുന്നു. പണ്ട് അവധിക്കാലം എന്നാൽ മുറ്റത്തെ കളികളും കൂട്ടുകാരുമൊത്തുള്ള യാത്രകളും കഥപറച്ചിലുകളുമായിരുന്നെങ്കിൽ, ഇന്ന് അവ സ്മാർട്ട്ഫോണിന്റെ നീലവെളിച്ചത്തിലേക്ക് ചുരുങ്ങിയിരിക്കുന്നു. വിരൽത്തുമ്പിലെ വിനോദങ്ങൾക്കായി നമ്മുടെ കുട്ടികൾ മണിക്കൂറുകൾ ചിലവഴിക്കുമ്പോൾ, അവർ അറിഞ്ഞോ അറിയാതെയോ വലിയൊരു ഡിജിറ്റൽ വലക്കണ്ണിക്കുള്ളിൽ കുടുങ്ങുകയാണ്.

മൊബൈൽ ഫോൺ ഉപയോഗം കേവലം ഒരു നേരമ്പോക്ക് എന്നതിലുപരി, കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയെ ബാധിക്കുന്ന ഒന്നായി മാറിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ, സ്ക്രീനിന് പിന്നിലെ ഒളിച്ചിരിക്കുന്ന അപകടങ്ങളെക്കുറിച്ചും, ഈ വേനൽ അവധിക്കാലം എങ്ങനെ അർത്ഥവത്തായി മാറ്റാം എന്നതിനെക്കുറിച്ചും വിദ്യാർത്ഥികളും രക്ഷിതാക്കളും അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്. സാങ്കേതികവിദ്യയുടെ അടിമകളാകാതെ, അതിനെ അതിജീവിക്കാൻ നാം തയ്യാറെടുക്കേണ്ട സമയമാണിത്.

**1. ടൈം റാപ്പ് (Time Wrap)**

ഫോൺ ഉപയോഗിച്ചു തുടങ്ങുമ്പോൾ സമയം പോകുന്നത് അറിയാത്ത അവസ്ഥയാണിത്. "അഞ്ച് മിനിറ്റ് മാത്രം" എന്ന് കരുതി തുടങ്ങുന്ന സോഷ്യൽ മീഡിയ ഉപയോഗം മണിക്കൂറുകൾ കവരുന്നത് നാം അറിയുന്നില്ല. ഈ 'സമയച്ചുഴി' കുട്ടികളുടെ പഠനത്തെയും സർഗ്ഗാത്മകതയെയും സാരമായി ബാധിക്കുന്നു.

**2. 96 തവണ അൺലോക്ക് (96 Times Unlock)**

ഗവേഷണങ്ങൾ സൂചിപ്പിക്കുന്നത് ശരാശരി ഒരു സ്മാർട്ട്ഫോൺ ഉപയോക്താവ് ദിവസവും ഏകദേശം 96 തവണയെങ്കിലും തന്റെ ഫോൺ അൺലോക്ക് ചെയ്യുന്നു എന്നാണ്. ഓരോ 10-15 മിനിറ്റിലും ഫോണിൽ നോക്കാനുള്ള ഈ പ്രേരണ ഒരുതരം മാനസിക സമ്മർദ്ദമായി മാറുന്നു.

### 3. ബ്രെയിൻ ഹാക്ക് (Brain Hack)

നമ്മുടെ തലച്ചോറിനെ അടിമയാക്കാൻ സോഷ്യൽ മീഡിയ ആപ്പുകൾ ഉപയോഗിക്കുന്ന ചില തന്ത്രങ്ങളുണ്ട്:

- ഇൻഫിനിറ്റ് സ്ക്രോളിംഗ് (Infinite Scrolling): അവസാനമില്ലാത്ത പേജുകൾ താഴേക്ക് വലിക്കുമ്പോൾ തലച്ചോറിന് വിശ്രമം ലഭിക്കാതെ പോകുന്നു.
- ഓട്ടോപ്ലേ (Autoplay): ഒരു വീഡിയോ തീരുന്ന ഉടൻ അടുത്തത് വരുന്നത് വഴി നമ്മെ ഫോണിൽ തളച്ചിടുന്നു.
- നോട്ടിഫിക്കേഷനുകൾ: ഓരോ ശബ്ദവും നമ്മുടെ ശ്രദ്ധ തിരിക്കാൻ രൂപകൽപ്പന ചെയ്തതാണ്.

### 4. നാം ഒരു 'ഉൽപ്പന്നം' (The Product) മാത്രമാകുമ്പോൾ

സോഷ്യൽ മീഡിയ ആപ്പുകൾ സൗജന്യമാണെന്ന് നാം കരുതാറുണ്ട്. എന്നാൽ "നിങ്ങൾ സേവനത്തിന് പണം നൽകുന്നില്ലെങ്കിൽ, നിങ്ങളാണ് അവിടുത്തെ ഉൽപ്പന്നം" എന്നതാണ് സത്യം.

- നമ്മുടെ ശ്രദ്ധ വിൽക്കപ്പെടുന്നു: നമ്മുടെ ഇഷ്ടാനിഷ്ടങ്ങളും ശീലങ്ങളും നിരീക്ഷിച്ച് പരസ്യ കമ്പനികൾക്ക് നമ്മുടെ ശ്രദ്ധ വിൽക്കുകയാണ് ഈ ആപ്പുകൾ ചെയ്യുന്നത്.
- അറിവ് ലഭിക്കുന്നു എന്ന മിഥ്യാധാരണ: പലപ്പോഴും വിജ്ഞാനപ്രദമായ കാര്യങ്ങൾ കാണുമ്പോൾ നാം ഒരുപാട് പഠിക്കുന്നു എന്ന് നമുക്ക് തോന്നും. എന്നാൽ യഥാർത്ഥത്തിൽ ചിതറിപ്പോയ ചില വിവരങ്ങൾ മാത്രമാണ് നമുക്ക് ലഭിക്കുന്നത്. ഇത് ആഴത്തിലുള്ള വായനയോ പഠനമോ നൽകുന്ന ഗുണം ചെയ്യില്ല.

### ഉത്തരവാദിത്തപരമായ ഉപയോഗം ഇനി സാധ്യമോ? (Why 'Responsible Use' is failing)

നേരത്തെ നമ്മൾ കരുതിയിരുന്നത് കുട്ടികളെ ഫോൺ "ഉത്തരവാദിത്തത്തോടെ ഉപയോഗിക്കാൻ" (Responsible Use) പഠിപ്പിച്ചാൽ മതിയെന്നാണ്. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ അത് പ്രായോഗികമല്ല എന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. ഒരു വശത്ത് ഒരു ചെറിയ കുട്ടിയുടെ മനസ്സാണെങ്കിൽ മറുവശത്ത് ലോകത്തിലെ ഏറ്റവും വലിയ സാങ്കേതികവിദ്യയും ആയിരക്കണക്കിന് സൈക്കോളജിസ്റ്റുകളും ചേർന്ന് രൂപകൽപ്പന ചെയ്ത അൽഗോരിതങ്ങളുമാണ്. ഈ വലിയ സജ്ജീകരണത്തെ ചെറുക്കാൻ സ്വയം നിയന്ത്രണം (Self-control) മാത്രം മതിയെന്ന് കരുതുന്നത് തെറ്റാണ്.

### കർശന നിയന്ത്രണങ്ങളുമായി സർക്കാരുകൾ

മൊബൈൽ അഡിക്ഷൻ കുട്ടികളിലുണ്ടാക്കുന്ന ദൂഷ്യഫലങ്ങൾ കണക്കിലെടുത്ത് ഭരണകൂടങ്ങൾ കർശനമായ നിയമങ്ങൾ കൊണ്ടുവരികയാണ്:

- **ഓസ്ട്രേലിയൻ സർക്കാർ:** 16 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സോഷ്യൽ മീഡിയ ഉപയോഗിക്കുന്നതിന് ഓസ്ട്രേലിയ പൂർണ്ണ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും ശ്രദ്ധേയമായ കാര്യം, മാതാപിതാക്കളുടെ അനുമതി ഉണ്ടെങ്കിൽ പോലും കുട്ടികൾക്ക് സോഷ്യൽ മീഡിയ അക്കൗണ്ട് തുടങ്ങാൻ അനുവാദമില്ല എന്നതാണ്. നിയമം ലംഘിക്കുന്ന കമ്പനികൾക്ക് കോടിക്കണക്കിന് രൂപ പിഴയും സർക്കാർ ചുമത്തുന്നു.

- **കർണാടക സർക്കാർ:** നമ്മുടെ അയൽസംസ്ഥാനമായ കർണാടകയും 16 വയസ്സിന് താഴെയുള്ളവർക്ക് സോഷ്യൽ മീഡിയ ഉപയോഗിക്കുന്നതിന് നിരോധനം ഏർപ്പെടുത്തുന്നതായി പ്രഖ്യാപിച്ചു കഴിഞ്ഞു. കുട്ടികളുടെ മാനസികാരോഗ്യം സംരക്ഷിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

**രക്ഷിതാക്കൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ:**

**1. സ്നേഹപൂർവ്വം മാറ്റം കൊണ്ടുവരാം:** മൊബൈൽ അഡിക്ഷനെക്കുറിച്ചുള്ള വാർത്തകൾ കേട്ട് രക്ഷിതാക്കൾ പരിഭ്രാന്തരാകേണ്ടതില്ല (Don't Panic). ശിക്ഷാനടപടികളേക്കാൾ ഉപരിയായി, വിവേകപൂർണ്ണമായ ഇടപെടലുകളാണ് ഈ സാഹചര്യത്തിൽ ആവശ്യം.

**2. ശാസനയല്ല, സാമീപ്യമാണ് ആവശ്യം:** കുട്ടികളോട് എപ്പോഴും ഫോൺ മാറ്റിവെക്കാൻ 'കല്പിക്കുന്നതിന്' (Commanding) പകരം, അവരോടൊപ്പം സമയം ചിലവഴിക്കാൻ ശ്രമിക്കുക. അവർക്ക് പറയാനുള്ളത് കേൾക്കാനും അവരുടെ താൽപ്പര്യങ്ങളിൽ പങ്കുചേരാനും തയ്യാറായാൽ സ്വാഭാവികമായും അവർ ഫോണിൽ നിന്ന് അകന്നു തുടങ്ങും.

**3. മാതൃകയാവുക (Lead by Example):** "ഞാൻ പറയുന്നത് ചെയ്യൂ, ഞാൻ ചെയ്യുന്നത് നോക്കണ്ട" എന്ന രീതി കുട്ടികളിൽ ഫലിക്കില്ല. രക്ഷിതാക്കൾ സ്വന്തം ഫോൺ ഉപയോഗം നിയന്ത്രിക്കുന്നത് കണ്ടാൽ മാത്രമേ കുട്ടികളും അത് പിന്തുടരൂ. വീട്ടിലെത്തിയാൽ ഫോൺ ഒരു നിശ്ചിതസ്ഥലത്ത് വെച്ച് കുട്ടികളുമായി സംസാരിക്കാൻ സമയം കണ്ടെത്തുക.

**4. ഡിജിറ്റൽ ഫ്രീ സോണുകൾ:** ഭക്ഷണസമയത്തും ഉറങ്ങുന്നതിന് തൊട്ടുമുമ്പും വീട്ടിൽ ആരും ഫോൺ ഉപയോഗിക്കില്ല എന്നൊരു തീരുമാനം എല്ലാവരും ചേർന്ന് എടുക്കുക. ഇത് ഒരു നിയമമായല്ല, മറിച്ച് കുടുംബത്തിന്റെ സന്തോഷത്തിനായുള്ള ഒരു ശീലമായി വളർത്തിയെടുക്കുക.

**5. അവധി ആനന്ദകരമാക്കാം:** വെറുതെയിരിക്കുമ്പോഴാണ് കുട്ടികൾ ഫോണിലേക്ക് തിരിയുന്നത്. അവർക്ക് ഇഷ്ടമുള്ള വിനോദങ്ങളിൽ (കളികൾ, യാത്രകൾ, പാചകം) അവരെയും പങ്കാളികളാക്കുക.

ഇന്നത്തെ കാലത്ത് സോഷ്യൽ മീഡിയയുടെ കടന്നുകയറ്റത്തെ വെറും "ഉത്തരവാദിത്തപരമായ ഉപയോഗം" കൊണ്ട് മാത്രം തടയാനാവില്ല എന്ന് ഓസ്‌ട്രേലിയയുടെയും കർണാടകയുടെയും നടപടികൾ നമുക്ക് കാട്ടിത്തരുന്നു. സാങ്കേതികവിദ്യയുടെ ചതിക്കുഴികളെ തിരിച്ചറിഞ്ഞ്, നമ്മുടെ കുട്ടികൾക്ക് സ്നേഹവും സുരക്ഷിതത്വവും നൽകി അവരെ തിരികെ ജീവിതത്തിലേക്ക് നയിക്കാം. ഈ വേനൽക്കാലം സ്ക്രീനിന് പുറത്ത്, ഹൃദയങ്ങൾ കൊണ്ട് ആഘോഷിക്കാം!



ചങ്ങനാശ്ശേരി ഫൊറോന
പിതൃവേദി ജനറൽ സെക്രട്ടറിയായി
തെരഞ്ഞെടുക്കപ്പെട്ട
**ശ്രീ. ജോബി തൂമ്പുങ്കലിന്**
മെത്രാപ്പോലീത്തൻ ഇടവകയുടെ
അഭിനന്ദനങ്ങൾ

മെത്രാപ്പോലീത്തൻ ഇടവകയിലേക്ക്

# സ്വാഗതം

റവ. ഫാ. ഫിലിപ്പ് വൈക്കത്തുകാരൻ

ഫാ. ജോൺസൺ മുണ്ടുവേലിൽ

ഫാ. ജസ്റ്റിൻ പുത്തൻപുരയിൽ

ഫാ. ഡാരിൻ തെങ്ങുംപള്ളിൽ

# നന്ദിയോടെ...

ഫാ. നിഖിൽ അറയ്ക്കത്തറ, ഫാ. സിറിൾ കളരിക്കൽ, ഫാ. ഷെറിൻ കുറശ്ശേരി

# മകരം തിരുനാൾ



























## ഇടവകദിനം






**നന്ദിയോടെ....** സെന്റ് മേരീസ് മെത്രാപ്പോലീത്തൻ



**നന്ദിയോടെ....** സെന്റ് മേരീസ് മെത്രാപ്പോ



മാർ ജോസഫ് പവ്വത്തിൽ ഫൗണ്ടേഷനോടനുബന്ധിച്ച് കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് കബറിടപള്ളിയിൽ പരി. കുർബാനയർപ്പിച്ചപ്പോൾ




ശ്രീമതി സിസിലി



പാരിഷ് കൗൺസിൽ അംഗങ്ങൾ 2023-2026



ലീത്തൻ കൂട്ടായ്മ ലീഡേഴ്സ് 2023-2026



നെടുംപറമ്പിൽ



മാതൃ-പിതൃവേദിയുടെ നേതൃത്വത്തിൽ വനിതാദിനം - ക്വീൻ ഓഫ് കത്തീഡ്രൽ





വൈദികരുടെ ഓർമ



സകല മരിച്ചവരുടെയും തിരുനാൾ







നോമ്പുകാലം















വെഞ്ചരിപ്പുകൾ






ST. JAMES LPS CHANGANACHERRY
ശിശുദിന റാലി
LKG to STD IV
English & Malayalam Medium ( State syllabus )
APPLY NOW
ADMISSION OPEN
2026-2027
Our specialities
• LKG to Grade 4
• Healthy Food
• Language & Communication Skills
• Competitive Exam Preparation
• LSS Training
• Yoga & Zumba Training
• Interactive IT based classes
Why Choose Us
No Fees
100% excellence
Excellent Learning Environment
Personal Attention
Highly Qualified Faculty
Massive Participation in Work experience Fair and Sports Meet
Proudly secured 13th rank overall in Sub District Arts Festival
Follow us on Fb : StjamesLpsChanganacherry
+91 94466 02753 (HM)
+91 77367 34962

## പീഡാനുഭവ ധ്യാനം

**മാർച്ച് 27, 28, 29 തീയതികളിൽ**

**ധ്യാനം നയിക്കുന്നത്:**
റവ. ഫാ. ഷാജി തുമ്പേച്ചിറയിൽ & ടീം

**ധ്യാനസമയം:**
വൈകിട്ട് 5 മുതൽ 9 വരെ



### സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ

# പീഡാനുഭവവാര തിരുക്കർമ്മങ്ങൾ



നാല്പതാം വെള്ളി | പീഡാനുഭവധ്യാനം | ഓശാന ഞായർ | നാല്പതുമണി ആരാധന
പെസഹാവ്യാഴം | പീഢാനുഭവവെള്ളി | വലിയ ശനി | ഉയിർപ്പു തിരുനാൾ



**പീഡാനുഭവ ധ്യാനം**
**മാർച്ച് 27, 28, 29 തീയതികളിൽ**

**ധ്യാനം നയിക്കുന്നത്:**
**റവ. ഫാ. ഷാജി തുമ്പേച്ചിറയിൽ & ടീം**
**ധ്യാനസമയം:**
**വൈകിട്ട് 5 മുതൽ 9 വരെ**

**2026 മാർച്ച് 20 വെള്ളി**

4.30 pm : കുരിശിന്റെ വഴി (പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിലേക്ക്)

**2026 മാർച്ച് 27 നാല്പതാം വെള്ളി**

5.30 am : സപ്രാ, പരി. കുർബാന, കുരിശിന്റെ വഴി
7.00 am : പരി. കുർബാന
10.30 am : ജപമാല, മദ്ധ്യസ്ഥ പ്രാർത്ഥന, കുരിശിന്റെ വഴി, ആരാധന
12.00 noon : പരി. കുർബാന, നേർച്ചക്കഞ്ഞി
4.30 pm : റംശാ, പരി. കുർബാന, ആഘോഷമായ കുരിശിന്റെ വഴി (മാർക്കറ്റ് ചുറ്റി)
7.00 pm : പീഡാനുഭവ ധ്യാനം
8.15 pm : ദിവ്യകാരുണ്യ ആരാധന, നേർച്ചക്കഞ്ഞി

**2026 മാർച്ച് 28 ശനി കൊഴുക്കട്ട ശനി (ലാസറിന്റെ ശനി)**

രാവിലെ 9 മുതൽ 12 വരെയും വൈകിട്ട് 4 മുതൽ 7 വരെയും
കുമ്പസാരത്തിനുള്ള അവസരം ഉണ്ടായിരിക്കും

5.30 am : സപ്രാ, പരി. കുർബാന, കുരിശിന്റെ വഴി
7.00 am : പരി. കുർബാന
4.30 pm : റംശാ, പരി. കുർബാന
6.00 pm : പീഡാനുഭവ ധ്യാനം
8.15 pm : ദിവ്യകാരുണ്യ ആരാധന, നേർച്ചകഞ്ഞി

**2026 മാർച്ച് 29 ഓശാന ഞായർ**

5.30 am : സപ്രാ
6.00 am : കുരുത്തോലവെഞ്ചരിപ്പ് (പാരീഷ് ഹാളിൽ)
പ്രദക്ഷിണം (പാരീഷ് ഹാളിൽനിന്നും പള്ളിയിലേയ്ക്ക്)
**ആഘോഷമായ പരി. കുർബാന,** പ്രസംഗം
മുഖ്യകാർമ്മികൻ: **മാർ തോമസ് തറയിൽ**
(ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ)

| | | |
|---|---|---|
| 9.00 am | : | പരി. കുർബാന |
| 10.30 am | : | രോഗികൾക്കുവേണ്ടിയുള്ള പരി. കുർബാന,<br>സ്നേഹവിരുന്ന് (രോഗികളായവരെ പള്ളിയിൽ കൊണ്ടുവരിക) |
| 5.00 pm | : | പരി. കുർബാന |
| 6.30 pm | : | ധ്യാന സമാപനം |
| 7.00 pm | : | **Sight and Sound Show**<br>The Passion of Mary<br>പെസഹായ്ക്കുമുമ്പ് മിശിഹായുടെ അമ്മ അനുഭവിച്ച<br>ആത്മീയനൊമ്പരങ്ങളും അഭിഷേക അനുഭവങ്ങളും<br>**റവ. ഫാ. ഷാജി തുമ്പേച്ചിറയിൽ & ടീം** |

## നാൽപ്പതുമണി ആരാധന

2026 മാർച്ച് 30, 31 ഏപ്രിൽ 1 തീയതികളിൽ (തിങ്കൾ, ചൊവ്വാ, ബുധൻ)
രാവിലെ 9 മുതൽ 12 വരെയും വൈകിട്ട് 4 മുതൽ 7 വരെയും
കുമ്പസാരത്തിനുള്ള അവസരം ഉണ്ടായിരിക്കും

| | | |
|---|---|---|
| 5.30 am | : | സപ്രാ, പരി. കുർബാന, കുരിശിന്റെ വഴി |
| 7.00 am | : | പരി. കുർബാന |
| 8.00 am 8.00 pm | : | **പരിശുദ്ധ കുർബാനയുടെ ആരാധന** |
| 9.00 am | : | ഖുഥാആ (മൂന്നാം മണി ജപം) |
| 12.00 noon | : | എന്ദാനാ (മദ്ധ്യാഹ്ന പ്രാർത്ഥന) |
| 3.00 pm | : | ദ്ബസ്ശാ ശായീൻ (ഒൻപതാം മണി ജപം) |
| 4.45 pm | : | റംശാ (സായാഹ്ന പ്രാർത്ഥന) |
| 5.00 pm | : | പരി. കുർബാന |

6 മണി മുതൽ 8 മണി വരെ പരി. കുർബാനയ്ക്കുശേഷം ആരാധന തുടരുന്നു

### നാല്പതുമണി ആരാധന സമയക്രമം

രാവിലെ

| | | |
|---|---|---|
| 8.00 - 9.00 | : | മിഷൻലീഗ്, സ്നേഹഗിരി സിസ്റ്റേഴ്സ്, OMMI സിസ്റ്റേഴ്സ് |
| 9.00 - 10.00 | : | കത്തീഡ്രൽ വാർഡ്, കർമ്മലീത്താമഠം സിസ്റ്റേഴ്സ് |
| 10.00 - 11.00 | : | പാരേക്കടവ്, വാഴപ്പള്ളി- ഗത്സെമനി വാർഡുകൾ, FDSHJ സിസ്റ്റേഴ്സ് |
| 11.00 - 12.00 | : | അങ്ങാടി - പോത്തോട് വാർഡ്, അഡോറേഴ്സ് സിസ്റ്റേഴ്സ്, സേവനോദ്യാനം സിസ്റ്റേഴ്സ് |

ഉച്ചകഴിഞ്ഞ്

| | | |
|---|---|---|
| 12.00 - 1.00 | : | മഞ്ചാടിക്കര, വണ്ടിപ്പേട്ട, കാക്കാംതോട് വാർഡുകൾ, ആരാധനാഭവൻ, വികാസ് |
| 1.00 - 2.00 | : | അസംപ്ഷൻ വാർഡ്, മാതൃവേദി, അൽഫോൻസാ ബാലികാഭവൻ, വട്ടപ്പള്ളിമഠം |
| 2.00 - 3.00 | : | സസ്യമാർക്കറ്റ് വാർഡ്, വാഴപ്പള്ളി ആരാധനാമഠം സിസ്റ്റേഴ്സ് |
| 3.00 - 4.00 | : | പാസ്റ്ററൽ സെന്റർ വാർഡ്, ദർശന സമൂഹം, പിതൃവേദി, എഫ്.സി.സി സിസ്റ്റേഴ്സ് |
| 4.00 - 4.45 | : | സെന്റ് മേരീസ് സൺഡേസ്കൂൾ, വെട്ടിത്തുരുത്ത്, പുഴവാത്, പെരുന്ന കിഴക്ക് |
| 6.00 - 7.00 | : | ഫിഷ് മാർക്കറ്റ്, മറ്റം-പൂവക്കാട്ടുച്ചിറ വാർഡ്, യുവദീപ്തി, അൾത്താര ബാലന്മാർ |
| 7.00 - 8.00 | : | പൊതുആരാധന |

### 2026 ഏപ്രിൽ 1 ബുധൻ നാൽപ്പതുമണി ആരാധനയുടെ സമാപനം

| | | |
|---|---|---|
| 8.30 am | : | രോഗികളായി ഭവനങ്ങളിൽ കഴിയുന്നവർക്കായി<br>വി. കുർബാന ഭവനങ്ങളിൽ എഴുന്നള്ളിച്ച് നൽകുന്നു. |
| 7.30 pm | : | 40 മണി ആരാധനയുടെ സമാപനം കുറിച്ചുകൊണ്ടുള്ള<br>പരി. കുർബാനയുടെ പ്രദക്ഷിണം |

**2026 ഏപ്രിൽ 2 പെസഹാ വ്യാഴം**

3.30 pm : റംശാ
4.00 pm : **ആഘോഷമായ പരി. കുർബാന**
കാൽ കഴുകൽ ശുശ്രൂഷ, പ്രസംഗം, പൊതു ആരാധന
മുഖ്യകാർമ്മികൻ : **മാർ തോമസ് തറയിൽ** (ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ)
7.30 pm : ലെലിയ

**2026 ഏപ്രിൽ 3 പീഡാനുഭവവെള്ളി**

5.30 am : സപ്രാ
6.00 - 12.00 noon : പരി. കുർബാനയുടെ ആരാധന

**പീഡാനുഭവവെള്ളി ആരാധന സമയക്രമം**

6.00 - 7. 00 : കത്തീഡ്രൽ വാർഡ്, മഞ്ചാടിക്കര വാർഡ്, പിതൃവേദി, കർമ്മലീത്താമഠം സിസ്റ്റേഴ്സ്
7.00 - 8. 00 : ഫിഷ് മാർക്കറ്റ്, ദർശന സമൂഹം, മാതൃവേദി, OMMI സിസ്റ്റേഴ്സ്
8.00 - 9 .00 : വാഴപ്പള്ളി- ഗത്സമെനി വാർഡുകൾ, സസ്യമാർക്കറ്റ് വാർഡ്, യുവദീപ്തി, സേവനോദ്യാനം
9.00 - 10 .00 : കാക്കാംതോട് -മഞ്ചാടിക്കര-വണ്ടിപ്പേട്ട വാർഡ്, FCC സിസ്റ്റേഴ്സ്, അൽഫോൻസാ ബാലികാഭവൻ
10.00 - 11.00 : പാസ്റ്ററൽ സെന്റർ, അസംപ്ഷൻ വാർഡുകൾ, സൺഡേസ്കൂൾ, മിഷൻലീഗ്, FDSHJ സിസ്റ്റേഴ്സ്, അഡോറേഴ്സ് സിസ്റ്റേഴ്സ്
11.00 - 12.00 : അങ്ങാടി - പോത്തോട്, മറ്റം- പൂവക്കാട്ടുച്ചിറ വാർഡുകൾ ആരാധനാമഠം സിസ്റ്റേഴ്സ്, വെട്ടിത്തുരുത്ത്, പുഴവാത്, പെരുന്ന കിഴക്ക്, പാറേക്കടവ്

9.00 am : ഖുഥാആ
12.00 noon : എന്ദാനാ
2.30 pm : **പീഡാനുഭവ തിരുക്കർമ്മങ്ങൾ**
പീഡാനുഭവവായന, പ്രസംഗം, നഗരികാണിക്കൽ, കുരിശിന്റെ വഴി, സ്ലീവാ വണക്കം, തിരുസ്വരൂപചുംബനം
8.30 pm : ലെലിയ, കബറടക്കശുശ്രൂഷ

**2026 ഏപ്രിൽ 4 വലിയ ശനി**

രാവിലെ 9 മുതൽ 12 വരെയും വൈകിട്ട് 4 മുതൽ 7 വരെയും
കുമ്പസാരത്തിനുള്ള അവസരം ഉണ്ടായിരിക്കും

5.00 pm : പരി. കുർബാന
പുത്തൻ തീ, പുത്തൻ വെള്ളം ആശീർവ്വാദം

**2026 ഏപ്രിൽ 5 ഞായർ ഉയിർപ്പുതിരുനാൾ**



2.30 am : **ഉയിർപ്പു തിരുനാൾ തിരുക്കർമ്മങ്ങൾ**
ആഘോഷമായ പരി. കുർബാന, പ്രദക്ഷിണം, പ്രസംഗം
മുഖ്യകാർമ്മികൻ: **മാർ തോമസ് തറയിൽ**
(ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ)

* കത്തിച്ച തിരിയുമായി പ്രദക്ഷിണത്തിൽ പങ്കെടുക്കണം
* തിരി എല്ലാവരും കൊണ്ടുവരണം

5.00, 6.30, 8.00, 10.00 am : പരി. കുർബാന
(പതിവനുസരിച്ച് വൈകുന്നേരം അഞ്ചുമണിക്ക് പരി. കുർബാന ഉണ്ടായിരിക്കുകയില്ല)



## ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രോപ്പോലീത്തൻ ഇടവകയുടെ 2024-2025 പ്രവർത്തന വർഷത്തെ റിപ്പോർട്ട്

ഈശോയുടെ മനുഷ്യാവതാരത്തിന്റെ മഹാജൂബിലിയോടനുബന്ധിച്ച് 2025-ലെ മകരം തിരുനാൾ ജൂബിലി തിരുനാൾ ആയി നടത്തപ്പെട്ടു.

2024 ജനുവരി 19-ാം തീയതി ഇടവകദിനമായി ആചരിച്ചു. ബഹു. ജോസ് കൊച്ചുപറമ്പിലച്ചന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗം സിനിമാ സംവിധായകനും നടനുമായ ശ്രീ. ജോണി ആന്റണി ഉത്ഘാടനം ചെയ്തു. വി. കുർബാന, ആദരിക്കൽ, കലാപരിപാടികൾ, സ്നേഹവിരുന്ന് എന്നിവയോടെ സമാപിച്ചു. ജനറൽ കൺവീനറായി പ്രവർത്തിച്ച ജോബി തൂമ്പുങ്കലിനും, പ്രോഗ്രാം കമ്മറ്റി കൺവീനർ ഷിബിൻ കറുകയിലിനും പ്രത്യേകം നന്ദി.

### യാത്രയയപ്പ്

കഴിഞ്ഞ നാലര വർഷക്കാലം വികാരിയായി ശുശ്രൂഷ ചെയ്ത് 2025 ഫെബ്രുവരി 13-ാം തീയതി സ്ഥലംമാറിപ്പോയ ജോസ് കൊച്ചുപറമ്പിലച്ചനും അസി. വികാരിമാരായിരുന്ന ഫാ. ലിബിൻ തുണ്ടുകളം, ഫാ. ജെറിൻ കാവനാട്ട് എന്നിവർക്കും ഇടവക സമുചിതമായ യാത്രയയപ്പ് നൽകി.

### ഹോം മിഷൻ പ്രോഗ്രാം

2025 നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ മഹാജൂബിലി ആചരണത്തിലൂടെ കടന്നുപോകുന്ന മാർച്ച് മാസം ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി. ബഹു. വൈദികർ ഭവനസന്ദർശനം നടത്തുകയും വീടുകൾ വെഞ്ചരിക്കുകയും ചെയ്തു.

### അതിരൂപതാദിനം

2025 മെയ് 19, 20 തീയതികളിൽ 139-ാ മത് ചങ്ങനാശ്ശേരി അതിരൂ പതാദിനം നമ്മുടെ ഇടവകയിൽ വച്ച് നടത്തി.

### മരിയൻ കൺവൻഷനും, വിമോചന പ്രാർത്ഥനയും

സെന്റ് മേരീസ് മെത്രോപ്പോലീത്തൻ പള്ളിയിൽ ഈശോയുടെ മനുഷ്യാവതാരത്തിന്റെ ജൂബിലിവർഷത്തിൽ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനോടനുബന്ധിച്ച് നടത്തിയ മരിയൻ കൺവൻഷനും, വിമോചന പ്രാർത്ഥനയും ഇടവകയ്ക്ക് പുതിയ ആത്മീയ ഉണർവേകി. 2025 ആഗസ്റ്റ് 6 മുതൽ 10 വരെ തീയതികളിൽ നടന്ന കൺവൻഷന് റവ. ഡോ. അലോഷ്യസ് കുളങ്ങര നേതൃത്വം നൽകി. 2025 ഓഗസ്റ്റ് 14, 15 തീയതികളിൽ ഇടവക മദ്ധ്യസ്ഥയായ മാതാവിന്റെ തിരുനാൾ കൊണ്ടാടി.

### സ്നേഹസംഗമം

ഇടവകയിലെ കൂട്ടായ്മ ലീഡർമാർ, സെക്രട്ടറിമാർ എന്നിവരുടെ സംഗമം- 'സ്നേഹസംഗമം 2025' ജൂൺ 25-ാം തീയതി വികാരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ഉത്ഘാടനം ചെയ്തു.

### സന്യസ്ത സംഗമം

ചങ്ങനാശ്ശേരി മെത്രോപ്പോലീത്തൻ ഇടവകയുടെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ ശുശ്രൂഷ ചെയ്യുന്ന സന്യാസിനികളുടെ കൂടിച്ചേരൽ 'സന്യസ്ത സംഗമം 2025' ജൂലൈ മാസം 7-ാം തീയതി നടത്തപ്പെട്ടു.

**പ്രതിഷേധിച്ചു**

ഛത്തീസ്ഘട്ട് കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്ത നടപടിക്കെതിരെ സെന്റ് മേരീസ് മെത്രോപ്പോലീത്തൻ ഇടവക പ്രതിഷേധിച്ചു.

**ധന്യൻമാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ ചരമ ശതാബ്ദി ദിനം**

ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനും വി. കുർബാനയുടെ ആരാധനാ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകനുമായിരുന്ന ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ ചരമശതാബ്ദി ദിനത്തിൽ രാവിലെ 10.30 ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് വിശുദ്ധ കുർബാനയർപ്പിച്ചു.

**25-ാം ചരമ വാർഷികം**

ചങ്ങനാശ്ശേരി അതിരൂപതയുടെ മുൻ മെത്രാപ്പോലീത്തയും സീറോ മലബാർ സഭയുടെ പ്രഥമ മേജർ ആർച്ച് ബിഷപ്പുമായിരുന്ന മാർ ആന്റണി പടിയറ പിതാവിന്റെ 25-ാം ചരമവാർഷികം 2025 മാർച്ച് 22-ന് നടത്തി. അന്നേ ദിവസം രാവിലെ 7 മണിക്ക് മാർ ജോർജ് ആലഞ്ചേരി പിതാവ് ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ കാവുകാട്ട് പിതാവിന്റെ ചരമവാർഷിക ആചരണ പരിപാടികൾ ഒക്ടോബർ 1 മുതൽ 9 വരെ നടത്തപ്പെട്ടു.

**ആദരാഞ്ജലികൾ**

നമ്മുടെ ഇടവകാംഗമായിരുന്ന ബഹു. മാത്യു കല്ലുകളത്തിന്റെ വേർപാടിൽ ഇടവകയുടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**മെത്രാഭിഷേക രജതജൂബിലി ആഘോഷം**

അഭിവന്ദ്യ ജോർജ് കോച്ചേരി പിതാവിന്റെ മെത്രാഭിഷേക രജതജൂബിലി ആഘോഷങ്ങൾ 2025 ആഗസ്റ്റ് 14 ന് നമ്മുടെ ഉടവകയിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ കോച്ചേരി പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. വി. കുർബാന മദ്ധ്യേ മേജർ ആർച്ച് ബിഷപ്പ് അഭി. മാർ റാഫേൽ തട്ടിൽ പിതാവ് വചനസന്ദേശം നൽകി.

**പ്രത്യാശ ജ്യോതി പ്രയാണവും കൺവൻഷനും**

ഈശോയുടെ മനുഷ്യാവതാരത്തിന്റെ മഹാജൂബിലിയോടനുബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ച പ്രത്യാശയുടെ ജൂബിലി വർഷത്തിന്റെ സമാപനമായി പ്രത്യാശ ജ്യോതിപ്രയാണം ബഹു. ജോസഫ് വാണിയപുരയ്ക്കൽ അച്ചൻ ഉത്ഘാടനം ചെയ്തു. ഇടവകയിലെ 1800 ഓളം കുടുംബങ്ങളിലൂടെ 2025 സെപ്തംബർ 14-ാം തീയതി വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആരംഭിച്ച് നവംബർ 30-ാം തീയതി പ്രയാണം സമാപിച്ചു. ഓരോ വാർഡിലും സായാഹ്ന കൺവൻഷനും നടത്തപ്പെട്ടു.

**ജൂബിലി തീർത്ഥാടനം**

2025 ഡിസംബർ 5-ാം തീയതി പാറേൽപള്ളിയിലേക്ക് ജൂബിലി തീർത്ഥാടനം നടത്തി. നൂറു കണക്കിന് വിശ്വാസികൾ ജപമാല റാലിയിൽ പങ്കെടുത്തു.

**പ്രത്യാശയുടെ ഭവനം**

ഏതൊരു കുടുംബത്തിന്റെയും വലിയൊരു ആഗ്രഹമാണ് സ്വന്തമായി ഒരു ഭവനം. നമ്മുടെ ഇടവകയിലെ ഭവനരഹിതമായ ഒരു കുടുംബത്തിന് ഒരു വീട് നിർമ്മിച്ച് നൽകുന്നതിന്റെ ഭാഗമായി 2025 നവംബർ 30-ാം തീയതി ഹോം ഡേ

ആയി ആചരിച്ചു. പ്രസ്തുത ഇനത്തിൽ 4,17,210 രൂപ ലഭിക്കുകയുണ്ടായി.

സൺഡേ സ്ക്കൂൾ കുട്ടികളുടെ മിഷ്യൻ ഞായർ സംഭാവന, ബിരിയാണി ചലഞ്ച്, സമ്മാനകൂപ്പൺ, ഫുഡ്ഫെസ്റ്റ്, ലേലം ഫുഡ് സ്റ്റാളുകൾ എന്നിവ നടത്തപ്പെട്ടു.

**ജീവകാരുണ്യം - സാമൂഹ്യ പ്രവർത്തനം | 2025-ൽ ചിലവഴിച്ച തുക**

| | |
|---|---:|
| വിദ്യാഭ്യാസം | 98,585/- |
| ചികിത്സാ സഹായം | 6,51,283/- |
| ഭവന നിർമ്മാണം | 12,88,256/- |
| വിവാഹസഹായം | 18,33,96/- |
| **ആകെ** | **22,18,520/-** |

**അഭിനന്ദനങ്ങൾ**

1. കെ.സി.ബി.സി.യുടെ സെക്രട്ടറി ജനറൽ ആയി തെരഞ്ഞെടുക്കപ്പെട്ട മാർ തോമസ് തറയിൽ പിതാവ്.
2. സി.ബി.സി.ഐ.യുടെ ദേശീയ അൽമായ സംഘടനയായ ആൾ ഇന്ത്യാ കാത്തലിക് യൂണിയന്റെ സംസ്ഥാന വൈസ് പ്രസിഡന്റ് സൈബി അക്കര.
3. ചങ്ങനാശ്ശേരി മുൻസിപ്പൽ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട ജോമി ജോസഫ് കാവാലം.
4. നൂറുമേനി മത്സരത്തിൽ 119-ാം സങ്കീർത്തനം മനഃപാഠമാക്കി സമ്മാനം നേടിയ നൂറുകണക്കിന് കുട്ടികളിൽ ഏറ്റവും പ്രായം കുറഞ്ഞ, ഇടവകയുടെ അഭിമാനമായ ആഞ്ഞിലിപറമ്പിൽ ലൂക്കാ രാകേഷ്.
5. 2025 ലെ ആലപ്പുഴ പുന്നമടക്കായലിലെ ജലോത്സവത്തിൽ നെഹ്റു ട്രോഫി നേടിയ ചുണ്ടൻവള്ളത്തിന്റെ ക്യാപ്റ്റനും നമ്മുടെ ഇടവകക്കാരനുമായ പുല്ലുകാട്ട് ബീഫി വർഗീസ്.
6. ചങ്ങനാശ്ശേരി അതിരൂപതയുടെ പ്രവാസി അപ്പോസ്തലേറ്റ് ഏർപ്പെടുത്തിയ പ്രവാസി മിഷനറി അവാർഡിന് അർഹനായ നമ്മുടെ ഇടവകാംഗമായ ഫാ. രാജു ഫ്രാൻസിസ് കോയിപ്പള്ളി.
7. ചങ്ങനാശ്ശേരി ഫെറോന ബൈബിൾ കലോത്സവത്തിൽ കലാതിലകമായും, കലാപ്രതിഭയായും തെരഞ്ഞെടുക്കപ്പെട്ട ലൂക്ക രാകേഷ്, മെറിൻ, ആർ. നടുവിലേപ്പറമ്പിൽ.
8. വത്തിക്കാന്റെ മതാന്തര സംവാദത്തിനായുള്ള ഡിക്കാസ്റ്ററിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട നമ്മുടെ ഇടവകാംഗമായ ബഹു. ജോസഫ് ഇറ്റോലിൽ അച്ചൻ.

**വലിയ ഇടയന് യാത്രാമൊഴി**

2025 ഏപ്രിൽ 21 നമ്മിൽ നിന്നും വേർപിരിഞ്ഞുപോയ കത്തോലിക്ക സഭയുടെ പരമാദ്ധ്യക്ഷനായിരുന്ന ഫ്രാൻസിസ് മാർപാപ്പയുടെ ദേഹവിയോഗത്തിൽ മെത്രാപ്പോലീത്തൻ ഇടവക അനുശോചിക്കുകയും ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ മൗനജാഥ നടത്തുകയും ചെയ്തു.

### നന്ദിയുടെ ഒരു വാക്ക്

നമ്മുടെ ഇടവകയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും അഭിവൃദ്ധിക്കുമായി പ്രവർത്തിക്കുന്ന കൂട്ടായ്മ ലീഡേഴ്സ്, സെക്രട്ടറിമാർ, പാരിഷ് കൗൺസിൽ അംഗങ്ങൾ, സൺഡേ സ്ക്കൂൾ അധ്യാപകർ, വിവിധ സംഘടനാ ഭാരവാഹികൾ, ഇടവകയിലെ ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകികൊണ്ടിരിക്കുന്ന വികാരി അച്ചനായ വാണിയപുരയ്ക്കൽ ജോസഫ് അച്ചൻ, അറക്കത്തറ നിഖിലച്ചൻ, കുറുശ്ശേരി ഷെറിനച്ചൻ, കളരിയ്ക്കൽ സിറിലച്ചൻ, കൈക്കാരൻമാർ, ദൈവാലയ ഗായകസംഘാംഗങ്ങൾ, ദൈവാലയ ശുശ്രൂഷികൾ, ഓഫീസ് സ്റ്റാഫംഗങ്ങൾ എന്നിവരെ നന്ദിയോടെ ഓർത്തുകൊണ്ടും എല്ലാ ഇടവക അംഗങ്ങൾക്കും നന്മയും, ദൈവാനുഗ്രഹവും പ്രാർത്ഥിച്ചുകൊണ്ട്, ഇടവക തിരുനാൾ മംഗളങ്ങൾ നേർന്നുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

സ്നേഹത്തോടെ,

**സോണി കരിമറ്റം**, പാരിഷ് കൗൺസിൽ സെക്രട്ടറി




# അഞ്ചപ്പം

അന്നവും അക്ഷരവും ആദരവോടെ...

www.anjappam.in
anjappamchry@gmail.com

നിങ്ങളുടെ പ്രിയപ്പെട്ടവരുടെ
ജന്മദിനം... വിവാഹം... വിവാഹ വാർഷികം... ഓർമ്മദിനം
ഇവ അഞ്ചപ്പത്തോടൊപ്പം ആയിരിക്കുവാൻ
സ്നേഹത്തോടെ ക്ഷണിക്കുന്നു.

**365 ദിനങ്ങളിൽ**
**1 ദിനം**
**അഞ്ചപ്പത്തോടൊപ്പം**

വിളിക്കൂ : 9567827877

# ഇടവക വാർത്തകൾ



## മകരം തിരുനാൾ

ചങ്ങനാശേരി മെത്രാപ്പോലീത്തൻ ഇടവകയിൽ വി. സെബസ്ത്യാനോസ് സഹദായുടെ മകരം തിരുനാൾ 2026 ജനുവരി 15 മുതൽ ഫെബ്രുവരി 1 വരെ ഭക്ത്യാദരപൂർവ്വം നടന്നു. ദൈവാനുഗ്രഹം തുളുമ്പുന്ന തിരുക്കർമ്മങ്ങളും അനുഗ്രഹം ചൊരിയുന്ന പ്രദക്ഷിണങ്ങളും ഇടവകസമൂഹത്തിന് ആത്മീയ ഉണർവേകി. ജനുവരി 15 മകരം 1 ന് തിരുനാളിന് കൊടിയേറി. പ്രധാന തിരുനാൾ ദിനങ്ങളായ ജനുവരി 24, 25 (മകരം 10, 11) തീയതികളിൽ കവലയിലേക്കും നഗരംചുറ്റിയുള്ള പ്രദക്ഷിണങ്ങളും ഭക്തിപൂർവ്വം നടക്കുകയുണ്ടായി. ഫെബ്രു.1 ഞായറാഴ്ച ഇടവകയിലെ എല്ലാ ഭവനങ്ങളിലേക്കും കഴുന്ന് പ്രദക്ഷിണം നടത്തി. വൈകുന്നേരം കഴുന്ന് പ്രദക്ഷിണം തിരിച്ചെത്തി പരിശുദ്ധ കുർബാനയെ തുടർന്ന് വിശുദ്ധന്റെ തിരുസ്വരൂപം വഹിച്ച് പള്ളിക്കുചുറ്റും പ്രദക്ഷിണവും കൊടിയിറക്കും നടന്നു.

## ഇടവകദിനം 2026

ജനുവരി 18 ഞായർ വൈകിട്ട് 7 മണിക്ക് കത്തീഡ്രൽ വികാരി പെരിയ ബഹുമാനപ്പെട്ട ജോസഫ് വാണിയപ്പുരക്കൽ അച്ചന്റെ അദ്ധ്യക്ഷതയിൽ സീറോമലബാർ സഭാ മുൻ അദ്ധ്യക്ഷൻ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഇടവകദിനം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. കൗൺസിൽ സെക്രട്ടറി ശ്രീ. സോണി കരിമറ്റം റിപ്പോർട്ട് അവതരിപ്പിച്ചു. ചെയർപേഴ്സൺ ശ്രീ. ജോമി ജോസഫ്, കൈക്കാരന്മാരായ ശ്രീ. ചാൾസ് പാലാത്തറ, ശ്രീ. എ.ജെ. ജോസഫ് ആലഞ്ചേരി, ശ്രീ. കുര്യച്ചൻ ഒളശ, ഇടവകദിന കമ്മിറ്റി കൺവീനറും കുടുംബകൂട്ടായ്മ ജനറൽ കൺവീനറുമായ ശ്രീ. ജോബി തൂമ്പുങ്കൽ എന്നിവർ പ്രസംഗിച്ചു.

## ആദരവ്

ഇടവകയിലെ ജനപ്രതിനിധികളായ കൈക്കാരൻ ചാൾസ് പാലാത്തറ, ചെയർപേഴ്സൺ ശ്രീ. ജോമി ജോസഫ്, മുൻ ചെയർപേഴ്സൺ ശ്രീമതി ബീന ജോബി, ശ്രീമതി എൽസമ്മ ജോബ്, ശ്രീമതി ആര്യ ശ്യാം, സന്തോഷ് ആന്റണി എന്നിവരെ ആദരിച്ചു. ഇടവകയിലെ വിവാഹത്തിന്റെയും വ്രതവാഗ്ദാനത്തിന്റെയും ജൂബിലി ആഘോഷിക്കുന്നവരെയും ദേശീയ, സംസ്ഥാന, യൂണിവേഴ്സിറ്റി തലത്തിലും രൂപതാതലത്തിലും മികവ് പുലർത്തിയവരെയും പുരസ്കാരങ്ങൾ

നൽകി ആദരിക്കുകയുണ്ടായി. കലാപരിപാടികളെ തുടർന്ന് സ്നേഹവിരുന്നോടെ ഇടവകദിനാഘോഷം സമാപിച്ചു. മികച്ച കൂട്ടായ്മ, നൂറുമേനി മത്സരവിജയികൾ, ലോഗോസ് ക്വിസ് മികവ് പുലർത്തിയവർ എന്നിവർക്കും ഇടവകയുടെ സമ്മാനങ്ങൾ വിതരണം ചെയ്തു.

ചന്തക്കടവ് തിരുക്കുടുംബദൈവാലയത്തിലെ തിരുനാൾ ജനുവരി 26 മുതൽ ആരംഭിച്ച് എല്ലാ ദിവസവും ജപമാലയും പരിശുദ്ധ കുർബാനയും നൊവേനയും നടന്നു. പ്രധാന തിരുനാൾദിനമായ ഫെബ്രുവരി 2ന് വൈകുന്നേരം ജപമാലയും തുടർന്നു നടന്ന ആഘോഷമായ പരിശുദ്ധ കുർബാനയിലും പ്രദക്ഷിണത്തിലും ധാരാളം ഇടവകാംഗങ്ങൾ ഭക്ത്യാദരപൂർവ്വം പങ്കുകൊണ്ടു.

ലൂർദുമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ഫെബ്രുവരി 10-ാം തീയതി വൈകുന്നേരം ഗ്രോട്ടോയിൽ ജപമാലയും ലദീഞ്ഞും നടന്നു. ഫെബ്രുവരി 11-ാം തീയതി ബുധനാഴ്ച വൈകുന്നേരം റംശാ, ലദീഞ്ഞ് തുടർന്ന് ആഘോഷമായ തിരുനാൾ കുർബാനയെതുടർന്ന് ജപമാലപ്രദക്ഷിണം കൽക്കുരിശിന് മുമ്പിലൂടെ വികാസ് റോഡിലൂടെ സെന്റ് ജോസഫ് കോൺവെന്റിന്റെ മുൻവശത്തെ റോഡിലൂടെ ഗ്രോട്ടോയിൽ സമാപിച്ചു.

ഫെബ്രുവരി 13-ാം തീയതി വെള്ളിയാഴ്ച സകല മരിച്ചവരുടെയും തിരുനാളിനോടനുബന്ധിച്ച് സിമിത്തേരി ചാപ്പലിൽ രാവിലെ 7 മണിക്ക് വിശുദ്ധ കുർബാനയിലും ഒപ്പീസ് പ്രാർത്ഥനയിലും ഇടവകാംഗങ്ങളുടെ സജീവസാന്നിധ്യമുണ്ടായിരുന്നു.

## യാത്രയയപ്പ് സമ്മേളനം

നമ്മുടെ ഇടവകയിൽ ഒന്നേമുക്കാൽ വർഷക്കാലം ശുശ്രൂഷ ചെയ്ത ബഹു. നിഖിൽ അറക്കത്തറയച്ചനും ഓരോ വർഷക്കാലം ശുശ്രൂഷ ചെയ്ത ബഹു. ഷെറിൻ കുറശേരിയച്ചനും ബഹു. സിറിൾ കളരിക്കലച്ചനും മെത്രാപ്പോലീത്തൻ ഇടവക കുടുംബം ഹൃദ്യമായ യാത്രയയപ്പ് നൽകി. ഫെബ്രുവരി 8-ാം തീയതി ഞായറാഴ്ച വൈകിട്ട് 6 മണിക്ക് നവമിശതാബ്ദി ഹാളിൽ കത്തീഡ്രൽ വികാരി പെരിയ ബഹുമാനപ്പെട്ട ജോസഫ് വാണിയപ്പുരക്കൽ അച്ചന്റെ അദ്ധ്യക്ഷതയിൽ യാത്രയയപ്പ് സമ്മേളനം നടന്നു. നടത്തുകൈക്കാരൻ ശ്രീ. ചാൾസ് പാലാത്തറ സ്വാഗതമാശംസിച്ച സമ്മേളനത്തിന് കൈക്കാരൻ ശ്രീ. കുര്യച്ചൻ ഒളശ്ശ നന്ദിയർപ്പിച്ചു. യാത്രാമംഗളങ്ങൾ നേർന്നുകൊണ്ട് ഗദ്സമനി ആശ്രമം സുപ്പീരിയർ റവ. ഫാ. മാത്യു മുളങ്ങാശേരി, കൈക്കാരൻ ശ്രീ. എ.ജെ. ജോസഫ് ആലഞ്ചേരി, സന്യസ്തരുടെ പ്രതിനിധികളായി റവ. സി. ലിസാ കുര്യൻ CMC, റവ. സി. വിനീത SABS, പാരീഷ് കൗൺസിൽ സെക്രട്ടറി സോണി കരിമറ്റം, മെത്രാപ്പോലീത്തൻ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ബോസ് വട്ടക്കളം, മുൻ ഹെഡ്മാസ്റ്റർ ശ്രീ. ജോമ്മ കാട്ടടി, പിതൃവേദി പ്രസിഡന്റ് ശ്രീ. സിന്നിച്ചൻ ചക്കുപുരയ്ക്കൽ, യുവജനങ്ങളുടെ പ്രതിനിധി ജെഫി ബിനീഷ് കരിയാടിപ്പറമ്പിൽ, കുടുംബക്കൂട്ടായ്മ ജനറൽ കൺവീനർ ശ്രീ. ജോബി തൂമ്പുങ്കൽ എന്നിവർ സംസാരിച്ചു. സ്ഥലംമാറി പുതിയ ശുശ്രൂഷാമേഖലയിലേക്ക് പോകുന്ന റവ. ഫാ. നിഖിൽ അറക്കത്തറ, റവ. ഫാ. ഷെറിൻ കുറശേരി, റവ. ഫാ. സിറിൽ കളരിക്കൽ എന്നിവർ മറുപടി പ്രസംഗങ്ങൾ നടത്തി. ഫോട്ടോ സെഷൻ, സ്നേഹവിരുന്ന് എന്നിവയോടുകൂടി ഇടവക ആന്തത്തോടെ സമ്മേളനം സമാപിച്ചു.

## വിഭൂതി തിരുനാൾ തിരുക്കർമ്മങ്ങൾ

ഫെബ്രുവരി 16-ാം തീയതി രാവിലെ 6 മണിക്ക് വിഭൂതി തിരുനാൾ തിരുക്കർമ്മങ്ങൾ അഭിവന്ദ്യ തറയിൽ പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു.

## അതിരൂപതാ ബൈബിൾ കൺവെൻഷൻ

എസ്.ബി. കോളേജിൽ വച്ച് അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. സേവ്യർ ഖാൻ വട്ടായിൽ നയിച്ച ചങ്ങനാശേരി അതിരൂപതാ ബൈബിൾ അഭിഷേകാഗ്നി കൺവെൻഷനിൽ ഇടവകയുടെ ആത്മാർത്ഥമായ സഹകരണവും സഹായവും ഉണ്ടായിരുന്നു. വിവിധ കമ്മിറ്റി കൺവീനർമായും വോളണ്ടിയേഴ്സായും വ്യത്യസ്ത തലങ്ങളിൽ കൺവെൻഷന്റെ വിജയത്തിനായി ഇടവകാംഗങ്ങൾ ശുശ്രൂഷ ചെയ്തുവെന്നത് പ്രത്യേകം ശ്ലാഘനീയമാണ്. കൺവെൻഷന്റെ മുന്നൊരുക്കമായുള്ള ഒരുക്ക കൺവെൻഷനിലും നമ്മുടെ ഇടവകയിലെ കൗൺസിൽ അംഗങ്ങളും കൂട്ടായ്മാംഗങ്ങളും സംഘടനാംഗങ്ങളും ഇടവകാംഗങ്ങളും സജീവമായി പങ്കുകൊണ്ടു. നാലു ദിനങ്ങളിലായി നമ്മുടെ പാരീഷ് ഹാളിൽ 50 പേരടങ്ങുന്ന അട്ടപ്പാടി ടീം നടത്തിയ കൗൺസിലിംഗ് അവിടെ എത്തിയവർക്ക് ആത്മീയചൈതന്യം നല്കി.

ഫെബ്രുവരി 20 വെള്ളിയാഴ്ച അഭിവന്ദ്യ തറയിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അതിരൂപതയിൽ നിന്നും മരണം മൂലം വേർപെട്ടുപോയ ബഹുമാനപ്പെട്ട വൈദികർക്കുവേണ്ടിയുള്ള പരിശുദ്ധ കുർബാനയും ഒപ്പീസും പ്രാർത്ഥനയും നടന്നു.

- നോമ്പുവെള്ളിയാഴ്ചകളിൽ വി. കുരിശിന്റെ വഴി 5 മണിക്കുള്ള പരിശുദ്ധ കുർബാനയെ തുടർന്ന് നമ്മുടെ പള്ളിക്കുചുറ്റും നടന്നുവരുന്നു.
- ശനിയാഴ്ചകളിൽ രാത്രി 7 മണി മുതൽ 8 മണിവരെ വലിയപള്ളിയിൽ പരിശുദ്ധ ആരാധന.
- കളർ എ ഹോം, കളർ എ ഡ്രീം കവറുകൾ കൂട്ടായ്മ ലീഡേഴ്സ് തിരികെ പള്ളി ഓഫീസിലെത്തിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

മാസാദ്യവെള്ളിയാഴ്ചകളിൽ ഭവനങ്ങളിൽ കിടപ്പുരോഗികൾക്ക് പരിശുദ്ധ കുർബാന നൽകുന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ കൂട്ടായ്മ ലീഡേഴ്സ് അതതു കൂട്ടായ്മ ഡയറക്ടർ അച്ചന്മാരെ മുൻകൂട്ടി അറിയിക്കുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

## നൂറുമേനി സീസൺ IV - വചനപഠന പദ്ധതി

നൂറുമേനി-വചനം ഹൃദയത്തിലും ജീവിതത്തിലും - സീസൺ IV ഇടവക മത്സരങ്ങൾ ഏപ്രിൽ 8 ബുധൻ, ഫൊറോനാതല മത്സരങ്ങൾ ഏപ്രിൽ 12 ഞായർ, റീജൻ തല മത്സരങ്ങൾ (ഓഡിയോ- വിഷ്വൽ) ജൂൺ 7 ഞായർ, ഗ്രാൻഡ് ഫിനാലെ ജൂലൈ 10 വെള്ളി, സമാപന സമ്മേളനം ജൂലൈ 11 ശനി എന്നിങ്ങനെ നടക്കും. മുൻവർഷങ്ങളിലെ പോലെ വചനം പഠിച്ച്, പ്രാർഥിച്ചൊരുങ്ങി നൂറുമേനി സീസൺ IV-ൽ നമ്മുടെ ഇടവകയിൽനിന്നും കൂടുതൽ മത്സരാർഥികൾ പങ്കെടുക്കാൻ ശ്രദ്ധിക്കണം.

സ്നേഹപൂർവം,

**ജോബി തൂമ്പുങ്കൽ**
കുടുംബകൂട്ടായ്മ - ജനറൽ കൺവീനർ

## ജലത്താലും ആത്മാവിനാലും



| | |
|---|---|
| വാണിയപ്പുരയ്ക്കൽ ജെറി - ഗ്ലോറിയ മകൾ തെരേസ | 29.12.2025 |
| മനുഷ്യനാടത്ത് സെഞ്ചു - പ്രിയ മകൻ ജോസഫ് | 05.01.2026 |
| മനുഷ്യനാടത്ത് സെഞ്ചു - പ്രിയ മകൾ മേരി | 05.01.2026 |
| മുട്ടത്തുപാറ ബിബിൻ - രേഷ്മ മകൻ കിംഗ് ദാവീദ് | 06.01.2026 |
| വള്ളിമല സിജു - ശ്രുതി മകൻ വർഗീസ് | 11.01.2026 |
| പുത്തൻപുരയ്ക്കൽ മനു - സൗമ്യാ മകൾ മേരി | 20.01.2026 |
| കരിങ്ങടപറമ്പിൽ സുരേഷ് - ആശാ മകൻ അഗസ്റ്റിൻ | 14.02.2026 |
| പീലിയാനിയ്ക്കൽ ആന്റണി - അന്നമ്മ മകൾ അന്ന | 28.02.2026 |
| നീലത്തുംമുക്കിൽ ചിക്കു - ബിൻസി മകൾ റോസ | 17.01.2026 |
| പാലത്തിങ്കൽ ജോർജി - നീനു മകൻ ജോർജ്ജ് | 24.01.2026 |
| പുത്തൻപുര ജിജോ - റോസ്മേരി മകൾ മേരി | 26.01.2026 |
| വാരിക്കാട്ട് ശ്യാം ജിത്ത് - അന്ന മകൻ കാർലോസ്സ്റ്റീവ് | 31.01.2026 |

## ദൈവം യോജിപ്പിച്ചത്



- ഈ ഇടവക വയ്ക്കത്ത് ആന്റണി - റോസമ്മ മകൻ ജോസഫും മണ്ണന്തല ഇടവക പുല്ലുകാട്ട് ഷാജി - റോഷിൻ മകൾ റോസ് മേരിയും തമ്മിലുള്ള വിവാഹം - 01.01.2026
- ഈ ഇടവക ഉമാപറമ്പിൽ സെബാസ്റ്റ്യൻ - റോസമ്മ മകൻ തോമസും കുറുമ്പനാടം ഇടവക കുട്ടംപേരൂർ തോമസ് - ഗ്രേസി മകൾ അന്നമ്മയും തമ്മിലുള്ള വിവാഹം - 03.01.2026
- ഈ ഇടവക പാലാത്ര തോമസുകുട്ടി - ജീന മകൻ ജോസഫും എടത്വാ പരുമൂട്ടിൽ മാത്യു - റേച്ചൽ മകൾ മെർളിനും തമ്മിലുള്ള വിവാഹം - 01.01.2026
- ഈ ഇടവക പെരുമ്പുഴക്കടവിൽ സന്തോഷ് - ജിനു മകൻ തോമസും കല്ലാനിക്കൽ ഇടവക അടയ്ക്കനാട്ട് ജെയിംസ് - മറിയം മകൾ മറിയവും തമ്മിലുള്ള വിവാഹം - 05.01.2026
- ഈ ഇടവക വാഴപ്പറമ്പിൽ സിബി - മേഴ്സി മകൻ മാത്യുവും ചേപ്പുംപാറ ഇടവക തോപ്പുറത്ത് വിനിൽ - ജെയ്നമ്മ മകൾ വിനീതയും തമ്മിലുള്ള വിവാഹം - 06.01.2026
- ഈ ഇടവക നാല്പതിൽചിറ ചാർളി - മറിയമ്മ മകൻ മാത്യുവും ഈ ഇടവക താന്നിമൂട്ടിൽ ജോസ് - ഷിജി മകൾ അന്നമ്മയും തമ്മിലുള്ള വിവാഹം - 07.01.2026

- ഈ ഇടവക ചിങ്ങംപറമ്പിൽ ഷാജി - ജിജി മകൻ മാത്യുവും തുരുത്തിപ്പള്ളി ഇടവക മഞ്ഞാലിൽ ജോസ് മോൻ - മിനി മകൾ ബ്രിജിത്തും തമ്മിലുള്ള വിവാഹം - 10.01.2026
- ഈ ഇടവക ചക്കുപുരയ്ക്കൽ ജോമി - റ്റെസ മകൻ ഫിലിപ്പും വടവാതൂർ ഇടവക പാലക്കളം ജോസഫ് - മിനി മകൾ തെരേസയും തമ്മിലുള്ള വിവാഹം - 12.01.2026
- ഈ ഇടവക കുട്ടംപേരൂർ ചക്കാലയ്ക്കൽ ജോസഫ് - ജെസി മകൻ അലക്സാണ്ടറും ബാംഗ്ലൂർ ഇടവക കാട്ടുവള്ളിൽ ഐസക് - ബീന മകൾ മരീറ്റാമേരിയും തമ്മിലുള്ള വിവാഹം - 15.01.2026
- ഈ ഇടവക അഴിമുഖം സിബി - ജമിനി മകൻ തോമസും മറ്റക്കര ഇടവക മാളാംപുറത്ത് ജോണിക്കുട്ടി - മിനി മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 29.01.2026
- ഈ ഇടവക വാച്ചാപറമ്പിൽ ജോസ് - റൂബി മകൻ സഖറിയാസും ഈ ഇടവക മൂലയിൽ സെബാസ്റ്റ്യൻ - മിനി മകൾ ബ്രിജിത്തും തമ്മിലുള്ള വിവാഹം - 08.02.2026
- ഈ ഇടവക കരിങ്ങട ജോർജ്ജ് - തങ്കമ്മ മകൻ തോമസും ദുബായ് ഇടവക മുണ്ടനാട്ട് ജോസഫ് കുഞ്ഞ് - മേരി മകൾ ജെസി മരിയയും തമ്മിലുള്ള വിവാഹം - 09.02.2026

## ഉത്ഥിതനോടൊപ്പം

RIP

| | | |
|---|---|---|
| ചമ്പക്കുളം ജോർജ്ജ് ചാക്കോ (88 വയസ്) | - | 08.01.2026 |
| പഴയചിറ തെക്കത്ത് അൽഫോൻസാ തോമസ് (76 വയസ്) | - | 09.01.2026 |
| കായലിപ്പറമ്പ് ജോസഫ് ചാക്കോ (82 വയസ്) | - | 16.01.2026 |
| കളപ്പുരയ്ക്കൽ ലൂസി ജോസഫ് (74 വയസ്) | - | 16.01.2026 |
| നെൽപ്പുരയ്ക്കൽ റോസമ്മ തോമസ് (79 വയസ്) | - | 24.01.2026 |
| പണിക്കശ്ശേരി സോണി ജോസഫ് (62 വയസ്) | - | 29.01.2026 |
| കുന്നുംപുറത്ത് മോളിക്കുട്ടി തോമസ് (50 വയസ്) | - | 30.01.2026 |
| പാറയ്ക്കൽ ബർഗാമ്മ സെബാസ്റ്റ്യൻ (79 വയസ്) | - | 08.02.2026 |
| കാട്ടൂക്കാരൻ ഫലി ജോസ് (60 വയസ്) | - | 08.02.2026 |
| ചെറുകാട് മറിയക്കുട്ടി ജോസഫ് (98 വയസ്) | - | 07.02.2026 |
| ചമ്പക്കുളം ഏലമ്മ ജോർജ്ജ് (82 വയസ്) | - | 11.02.2026 |
| കൊച്ചുപറമ്പിൽ തെയ്യാമ്മ ഉലഹന്നാൻ (85 വയസ്) | - | 11.02.2026 |
| മലയിൽ ജിജി ജോണി (55 വയസ്) | - | 22.02.2026 |
| പുന്നശ്ശേരി തോമസ് ജോസഫ് (77 വയസ്) | - | 13.02.2026 |
| കാഞ്ഞിക്കൽ എലിസബത്ത് ജോൺ (83 വയസ്) | - | 22.02.2026 |
| പുളിയ്ക്കൽ എൽസമ്മ സെബാസ്റ്റ്യൻ (80 വയസ്) | - | 24.02.2026 |
| മാലിയിൽ തങ്കമ്മ ആന്റണി (98 വയസ്) | - | 03.03.2026 |
| കാക്കാംതോട്ടിൽ ബെവിൻ തോമസ് (78 വയസ്സ് ) | - | 07.03.2026 |

## നാമഹേതുക തിരുനാൾ മംഗളങ്ങൾ



ബഹു. വികാരിയച്ചനും ജോൺസൺ അച്ചനും
ഇടവകസമൂഹത്തിന്റെ ആശംസകൾ...

## സ്മരണാഞ്ജലി

18.03.2026



മാർ ജോസഫ് പവ്വത്തിൽ
1930 - 2023



ചന്തക്കടവ് തിരുക്കുടുംബ ദൈവാലയത്തിൽ

# മരണത്തിരുനാൾ

2026 മാർച്ച് 19, വ്യാഴം

രാവിലെ 10.30 ന് പരിശുദ്ധ കുർബാന
ഉച്ചയ്ക്ക് 12.30 ന് ഊട്ടുനേർച്ച





# സ്നേഹസ്മരണയ്ക്ക്





കെ.പി. അന്തോനിച്ചൻ  പൊന്നമ്മ ആന്റണി



തങ്കച്ചൻ

കരിങ്ങട, ചങ്ങനാശേരി

# സ്നേഹസ്മരണയ്ക്ക്



## പ്രൊഫ. കെ.എം. ജോസഫ്

ജനനം: 10.08.1918 മരണം: 30.06.2014

## ചിന്നമ്മ ജോസഫ്

ജനനം: 06.01.1928 മരണം: 25.02.2025

## കല്ലൂക്കുളങ്ങര
## റൂബി നഗർ, ചങ്ങനാശേരി

'യേശു മരിക്കുകയും
വീണ്ടും ഉയിർക്കുകയും ചെയ്തു എന്നു
നാം വിശ്വസിക്കുന്നതുപോലെ,
യേശുവിൽ നിദ്രപ്രാപിച്ചവരെ ദൈവം
അവനോടുകൂടെ ഉയിർപ്പിക്കും' (1 തെസ. 4:14)

# സ്നേഹസ്മരണയ്ക്ക്



## പ്രൊഫ. എം. എ. മാനുവൽ

**മുണ്ടയ്ക്കൽ, വാഴപ്പള്ളി**

ജനനം - 07/01/1932 | മരണം - 19/10/2024

St Joseph Orphanage Press, Chry +91 85477 85270